# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെറുപുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി1/1649/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 16/11/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറുപുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി1/1649/23 തീയ്യതി: 16/11/2023

## കണ്ണൂർ ജില്ലയിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-11-2022 മുതൽ 07-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 54 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 45 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എ.ആർ.ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 09-10-2023 | 19-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-10-2023 | 19-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീമതി.സിന്ധു.ടി.പി., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
2.ശ്രീ.ഗണേശൻ കേളോത്ത്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3.ശ്രീമതി.ധന്യ. എം. വി., സീനിയർ ഗ്രേഡ് ഓഡിറ്റർ
4.ശ്രീ.പ്രമോദ്. കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ. എഫ്. അലക്സാണ്ടർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. വിനോദ് കുമാർ. കെ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.രമാദേവി.ഇ.ബി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ.പ്രജീഷ് കൃഷ്ണൻ | വി.ഇ.ഒ,വയക്കര സർക്കിൾ | 01-04-2022 | 31-03-2023 |
| ശ്രീ.രതീഷ്.എ | വി.ഇ.ഒ.,പുളിങ്ങോം സർക്കിൾ | 01-04-2022 | 31-03-2023 |
| ശ്രീമതി.രജീന.എ | കൃഷി ഓഫീസർ | 01-04-2022 | 07-08-2022 |
| ശ്രീ.ജിതിൻ.വി.വി. | കൃഷി ഓഫീസർ | 08-08-2022 | 31-03-2023 |
| ശ്രീമതി.മായാജ്യോതി.എൻ.വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.ജിബിൻ ചെറിയാൻ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ.രാജേഷ് എം.കെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 29-07-2022 |
| ശ്രീ.പ്രശാന്ത്.കെ.ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 30-07-2022 | 31-03-2023 |
| ഡോ.ഭാഗ്യലക്ഷ്മി.വി.വി | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 01-04-2022 | 01-07-2022 |
| ഡോ.ആകർഷ്. സി. എ | മെഡിക്കൽ ഓഫീസർ, എഫ്. എച്ച്. സി | 02-07-2022 | 26-10-2022 |
| ഡോ.സേതുലക്ഷ്മി | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 27-10-2022 | 31-03-2023 |
| ശ്രീ.ഉണ്ണിക്കണ്ണൻ.വി | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി.പ്രീതി.പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ഡോ.നീമ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2022 | 13-04-2022 |
| ഡോ.ജയദീപ് | മെഡിക്കൽ ഓഫീസർ,ഹോമിയോ | 25-04-2022 | 31-03-2023 |

മെഡിക്കൽ ഓഫീസർ ,ഹോമിയോ 14.04.22 മുതൽ 24.04.22 വരെ ഒഴിവ്

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്- കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | കൃത്യമായ വരവ് ശീർഷകം രേഖപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | വിനിയോഗിക്കാത്ത തുക യഥാസമയം തിരിച്ചടക്കുകയോ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല | 1-1-4 |
| 6 | വായ്പ - ബാധ്യത രേഖപ്പെടുത്തിയതിൽ വ്യത്യാസം | 1-1-5 |
| 7 | അഡ്വാൻസ് കലക്ഷൻ സംബന്ധിച്ച വിവരങ്ങൾ വരവ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | ഹരിതകർമ്മസേനയ്ക്ക് വാഹനം- ആസ്തിമൂല്യത്തിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | ആസ്തി,ഡിപ്രീസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല | 1-1-8 |
| 10 | ഇ എം എസ് ലോൺ - ഗ്രാമപഞ്ചായത്തിന്റെ പലിശ ബാധ്യത സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-1-9 |
| 11 | ബി 15 ഷെഡ്യൂളിൽ നെഗറ്റീവ് തുക രേഖപ്പെടുത്തിയതും മറ്റ് അപാകങ്ങളും | 1-1-10 |
| 12 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | ഡെപ്പോസിറ്റ് വർക്ക്- വിവരങ്ങൾ ബി 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-12 |
| 14 | മുൻകൂർ ക്രമീകരിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല | 1-1-13 |
| 15 | വികസന ഫണ്ട്, ജനറൽ- ഐ 6 ഷെഡ്യൂളിൽ മുഴുവൻ തുകയും ഉൾപ്പെടുത്തിയിട്ടില്ല | 1-1-14 |
| 16 | അഗതിരഹിത കേരളം ഗ്രാന്റ്- സിഡിഎസ് ന് കൈമാറിയ തുക ചെലവായി രേഖപ്പെടുത്തി | 1-1-15 |
| 17 | ബജറ്റ് | 1-2 |
| 18 | സാമ്പത്തിക നില(റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 19 | ഫണ്ട് വിനിയോഗം | 1-4 |
| 20 | പദ്ധതി അവലോകനം | 1-5 |
| 21 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 22 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- നിർവ്വഹണത്തിലെ അപാകങ്ങൾ | 1-6-1 |

| | | |
|---|---|---|
| 23 | ക്ഷേമ പദ്ധതികൾ | 1-7 |
| 24 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 25 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 26 | ഗ്രാമസഭ | 1-10 |
| 27 | വസ്തുനികുതി - സേവന ഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പരിശോധിക്കപ്പെടേണ്ടതാണ്. | 1-11 |
| 28 | സ്വകാര്യ ഹോസ്റ്റൽ കെട്ടിടത്തിന്റെ വസ്തു നികുതി ഈടാക്കിയതിൽ കുറവ്-ഗ്രാമപഞ്ചായത്തിനുണ്ടായ സഞ്ചിത നഷ്ടം-720915/- രൂപ | 1-12 |
| 29 | 250 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് വരുത്തിയിട്ടില്ല-സാങ്കേതിക പിഴവ് ഐ കെ എം ന്റെ ശ്രദ്ധയിൽ പെടുത്തേണ്ടതാണ് | 1-13 |
| 30 | അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിലെ വീഴ്ച. | 1-14 |
| 31 | എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് - അപാകങ്ങൾ | 1-15 |
| 32 | വാടക- GST  ഈടാക്കിയതിൽ കുറവ് വന്നത്- ₹446 ഈടാക്കി ഒടുക്ക വരുത്തേണ്ടതാണ് | 1-16 |
| 33 | വാടക ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല | 1-17 |
| 34 | തനത് വരുമാനം ഗ്രാമപഞ്ചായത്തിലെ നിലവിലെ സ്ഥിതി സംബന്ധിച്ച അവലോകനം. | 1-18 |
| 35 | സ്മാർട്ട് ഐ ഫേസ് I -പൊതു ഇടങ്ങളിൽ സിസി ടി വി സ്ഥാപിക്കൽ-വിനിയോഗവിവരം-പദ്ധതി ആരംഭിച്ചതിന്റെ വിവരം-ലഭ്യമാക്കിയില്ല. ചെലവ് തുക ₹1,77,000 തടസ്സപ്പെടുത്തുന്നു. | 1-19 |
| 36 | പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് പ്രവർത്തന ചെലവ് നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല-₹30000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-20 |
| 37 | എ ബി സി പദ്ധതി-പദ്ധതി നടപ്പിലാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.ചെലവ് ₹1,00,000 തടസ്സപ്പെടുത്തുന്നു. | 1-21 |
| 38 | സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല-ചെലവ് ₹4924860 തടസ്സപ്പെടുത്തുന്നു. | 1-22 |
| 39 | ഘടക സ്ഥാപനങ്ങൾക്ക് സോളാർ സംവിധാനമൊരുക്കൽ-വിനിയോഗസാക്ഷ്യപത്രവും അനുബന്ധരേഖകളും പരിശോധനക്ക് ലഭ്യമാക്കിയില്ല.തൻവർഷം ചെലവ് ചെയ്ത ₹50270 തടസപ്പെടുത്തുന്നു | 1-23 |
| 40 | KBOCWW സെസ് ബില്ലുകളിൽ നിന്ന് തന്നെ കുറവ് ചെയ്തിട്ടുണ്ടെന്നിരിക്കെ വീണ്ടും സെസ് ഇനത്തിൽ ഒടുക്കിയ ₹82353 നിരാകരിക്കുന്നു. | 1-24 |
| 41 | ലൈബ്രറികൾക്ക് പുസ്തക ശേഖരണത്തിന് അലമാര -നടപടിക്രമങ്ങളിലെ | 1-25 |

| | | |
|---|---|---|
| | അപാകങ്ങൾ | |
| 42 | കേരളോത്സവം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-26 |
| 43 | പഠനപരിമിതി പിന്തുണ സംവിധാനം - ഫാക്കൽറ്റികളെ തെരഞ്ഞെടുത്തതുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-27 |
| 44 | പി.എം.എ.വൈ വിഹിതം കൈമാറൽ ബ്ലോക്ക് പഞ്ചായത്ത് ( എസ്.സി) - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല- ₹45000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-28 |
| 45 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ | 1-29 |
| 46 | തിരുമേനി,കോല്ലവള്ളി ഹോമിയോ ആശുപത്രികളിലേക്ക് മരുന്ന് വാങ്ങൽ- മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല-₹287066യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-30 |
| 47 | പാലിയേറ്റീവ് കെയർ പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ-₹296108 തടസ്സപ്പെടുത്തുന്നു. | 1-31 |
| 48 | ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ- ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല-₹226246 തടസ്സപ്പെടുത്തുന്നു. | 1-32 |
| 49 | ടെണ്ടർ നടപടിക്രമങ്ങളുടെ സുതാര്യത ഉറപ്പ് വരുത്തിയിട്ടില്ല-₹375508 തടസ്സപ്പെടുത്തുന്നു. | 1-33 |
| 50 | കണ്ണൂർ ഫൈറ്റ് ക്യാൻസർ-വാങ്ങൽ നടപടിക്രമങ്ങൾ ക്രമപ്രകാരമല്ല ₹61595 തടസ്സപ്പെടുത്തുന്നു. | 1-34 |
| 51 | ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ - ₹5,05,248യുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. | 1-35 |
| 52 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അർഹമായതിൽ കൂടുതൽ തുക നൽകിയത്-₹8500യുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു | 1-36 |
| 53 | കോക്ലിയാർ റീ ഇംപ്ലാന്റ് ചെയ്ത കുട്ടികൾക്ക് ധനസഹായം - പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല- 1 ലക്ഷം രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. | 1-37 |
| 54 | ജലനിധി പദ്ധതിയുടെ ഭാഗമായി സൃഷ്ടിക്കപ്പെട്ട ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-38 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | KBOCWW സെസ് ഇനത്തിൽ ബില്ലുകളിൽ നിന്നും തന്നെ കുറവ് ചെയ്തിട്ടുണ്ടെന്നിരിക്കെ വീണ്ടും സെസ് ഇനത്തിൽ തുക ഒടുക്കി-₹82353യുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല | 3-1 |

| ഭാഗം 4 | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരളാ പഞ്ചായത്ത്‌രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരവും കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ – 2011, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്രഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15.07.2023 തീയതിയിലെ 1/2023 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതും അനുബന്ധ ഫോറങ്ങൾ സഹിതം 20.07.2023 തീയതിയിൽ സമർപ്പിച്ചിട്ടുള്ളതുമായ ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 31.03.2023 തീയതിയിൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

ii) സി & എ.ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും സി & എ ജി നല്കിയിട്ടുള്ള പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നല്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നല്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെകുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

കണ്ണൂർ,
16.11.2023.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## 1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ്, 62 എഫ് പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട അടിസ്ഥാന അനുപാതങ്ങൾ, റൂൾ 62 ഇ പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്- കണക്കുകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും

തമ്മിലുള്ള വ്യത്യാസമായി കാണിച്ച തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

(സ്റ്റേറ്റ്മെന്റിൽ ചേർത്ത തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഇവ രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനം വ്യക്തമല്ല.
A.Net Cash Generated By Operating Activities (-) ₹5,59,19,362
B. Net Cash Generated By Investing Activities ₹7,08,32,666

C.Net Cash Generated By Financing Activities ₹13,73,056

A+B+C = ₹1,62,86,360
Cash And Cash Equivalents At The Beginning Of The Period – ₹35056590
Cash And Cash Equivalents At The End Of The Period – ₹55243017
Net Increase/decrease In Cash And Cash Equivalents – ₹2,01,86,427 )

## 1-1-3 കൃത്യമായ വരവ് ശീർഷകം രേഖപ്പെടുത്തിയിട്ടില്ല

1. ബി4 ഷെഡ്യൂളിൽ അദർ ലയബിലിറ്റീസ് എന്ന ഹെഡിൽ രേഖപ്പെടുത്തിയ 7,85,642/- രൂപ ഏതിനത്തിലുള്ളതാണെന്ന് വ്യക്തമാക്കിയിട്ടില്ല. തെറ്റായ റസീറ്റ് ഹെഡ് രേഖപ്പെടുത്തി വരവ് വച്ചതിനാൽ തുകയുടെ വിശദാംശങ്ങൾ ലഭ്യമാകാത്ത സാഹചര്യമാണുള്ളത്.
2. ബി11 (ഡി) ഷെഡ്യൂൾ - ഇലക്ട്രോണിക്ക് വോട്ടിംഗ് മെഷീൻ എന്ന ശീർഷകത്തിൽ 9,00,000/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. തെറ്റായ ഹെഡിലാണ് തുക രേഖപ്പെടുത്തിയിട്ടുള്ളത്. യഥാർത്ഥത്തിൽ ഏതിനത്തിലുള്ള തുകയാണ് ഇതെന്ന് വ്യക്തമാക്കിയിട്ടില്ല.

## 1-1-4 വിനിയോഗിക്കാത്ത തുക യഥാസമയം തിരിച്ചടക്കുകയോ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല

ബി4 ഷെഡ്യൂളിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയ താഴെ പറയുന്ന തുകകൾ സംബന്ധിച്ച വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
(എ) ഗ്രാന്റ്സ്, ഫണ്ട്സ് & കോൺട്രിബ്യൂഷൻസ് ഫോർ സ്പെസിഫിക്ക് പർപ്പസ് - വെൽഫെയർ ബോഡീസ്- ക്യാപ്പിറ്റൽ എന്ന ഹെഡിൽ രേഖപ്പെടുത്തിയ 15,85,820/- രൂപ കാനം വയൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിനായി ലഭിച്ചതാണെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ഏത് സ്ഥാപനത്തിൽ നിന്ന് ലഭിച്ചതാണെന്ന് വ്യക്തമാക്കിയിട്ടില്ല.
(ബി) കാനം വയൽ ഇടക്കോളനി നടപ്പാലം നിർമ്മാണത്തിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച 5 ലക്ഷം രൂപ നാളിതുവരെ ഉപയോഗിക്കുകയോ തിരിച്ചടക്കുകയോ ചെയ്തിട്ടില്ല.
(സി) ബ്ലോക്ക് പഞ്ചായത്ത് റവന്യൂ ഇനത്തിൽ വരവ് വച്ച 8,90,917/- രൂപ ഏതൊക്കെ ആവശ്യങ്ങൾക്ക് ലഭിച്ചതാണെന്ന് വ്യക്തമാക്കിയിട്ടില്ല. തുക യഥാസമയം വിനിയോഗിക്കുകയോ തിരിച്ചടക്കുകയോ ചെയ്തിട്ടില്ല.
(ഡി) ജില്ലാ പഞ്ചായത്ത് റവന്യൂ ഇനത്തിൽ വരവ് വച്ച 12,86,035/- രൂപ ഏതൊക്കെ ആവശ്യങ്ങൾക്ക് ലഭിച്ചതാണെന്ന് വ്യക്തമാക്കിയിട്ടില്ല. തുക യഥാസമയം വിനിയോഗിക്കുകയോ തിരിച്ചടക്കുകയോ ചെയ്തിട്ടില്ല.
(ഇ) ജില്ലാ പഞ്ചായത്ത് ക്യാപ്പിറ്റൽ ഇനത്തിൽ രേഖപ്പെടുത്തിയ നീക്കിയിരിപ്പ് തുകയായ 21,146/- രൂപ 2012-13 സാമ്പത്തിക വർഷം എസ് സി ശ്മശാനം മതിൽ നിർമ്മാണത്തിനു വേണ്ടി ലഭിച്ച 1,60,000/- രൂപയിൽ 1,38,854/- രൂപ ചെലവഴിച്ച ശേഷം ബാക്കി വന്ന തുകയാണ്. ആയത് നാളിതുവരെ തിരിച്ചടച്ചിട്ടില്ല.

## 1-1-5 വായ്പ - ബാധ്യത രേഖപ്പെടുത്തിയതിൽ വ്യത്യാസം

കെ.യു.ആർ.ഡി.എഫ്.സി. ലോൺ, ലൈഫ് മിഷൻ - സംസ്ഥാന സർക്കാർ വിഹിതം എന്നിവ നിക്ഷേപിക്കുന്ന അക്കൗണ്ട് നമ്പർ 67381606779 (SBI) ൽ വന്ന പലിശ തുകയായ 30,280/- രൂപ ലോൺ ബാധ്യതയിൽ വരവ് വെച്ചിട്ടുണ്ട്(ആർ പി31, ബി 5 ഷെഡ്യൂളുകളിൽ). പ്രസ്തുത തുക ലോൺ ബാധ്യത അല്ലാത്തതിനാൽ ആയത് ശരിയായ ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്.

## 1-1-6 അഡ്വാൻസ് കലക്ഷൻ സംബന്ധിച്ച വിവരങ്ങൾ വരവ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടില്ല

എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീസ്, തൊഴിൽ നികുതി - അഡ്വാൻസ് കലക്ഷൻ, മുൻവർഷത്തെ അഡ്വാൻസ് കലക്ഷൻ ക്രമീകരിച്ചതിന്റെ വിവരങ്ങൾ ഇവയുടെ വിശദാംശങ്ങൾ അതത് ഡിമാന്റ് രജിസ്റ്ററുകളിലെ സംക്ഷിപ്തത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-7 ഹരിതകർമ്മസേനയ്ക്ക് വാഹനം- ആസ്തിമൂല്യത്തിൽ ഉൾപ്പെടുത്തിയിട്ടില്ല

ഹരിതകർമ്മ സേനയ്ക്ക് വേണ്ടി 8,68,319/- രൂപ ചെലവഴിച്ച് വാങ്ങിയ വാഹനത്തിന്റെ മൂല്യം (പ്രോജക്ട് നമ്പർ 248/2022-23) വാർഷിക ധനകാര്യ പത്രികയിൽ ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-8 ആസ്തി,ഡിപ്രീസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല

ആസ്തി, ഡിപ്രീസിയേഷൻ മൂല്യങ്ങൾ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഐ എൽ ജി എം എസ് ൽ നിന്നുള്ള രേഖകൾ കൃത്യമായ വിവരങ്ങൾ നല്കുന്നില്ല. വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയ തുകകളെ സാധൂകരിക്കുന്ന രീതിയിലുള്ള വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ കൃത്യമായ പരിശോധന സാധ്യമായിട്ടില്ല. ജലനിധി പദ്ധതിയുടെ ഭാഗമായി സൃഷ്ടിക്കപ്പെട്ട ആസ്തികൾ രജിസ്റ്ററിൽ ഉൾപ്പെടുത്താതിരുന്നതും അപാകമാണ്.

### 1-1-9 ഇ എം എസ് ലോൺ - ഗ്രാമപഞ്ചായത്തിന്റെ പലിശ ബാധ്യത സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

ഇ എം എസ് ലോൺ അക്കൗണ്ടിൽ (A/c No.1036005101344-ജില്ലാ ബാങ്ക്) 4,73,198/- രൂപ നീക്കിയിരിപ്പുണ്ട്. ഇ എം എസ് ലോൺ പലിശ ഇനത്തിൽ 11,08,558/- രൂപ ഒടുക്കുവാൻ ബാക്കിയുണ്ടെന്നാണ് സെക്രട്ടറി അറിയിച്ചത്. പലിശ ബാധ്യതയിൽ 1.25% ഗ്രാമപഞ്ചായത്ത് വഹിക്കണമെന്ന നിബന്ധനയിലാണ് ലോൺ എടുക്കാൻ അനുമതി ലഭിച്ചിരുന്നത്. (ഖണ്ഡിക 4-5 കൂടി കാണുക). ഗ്രാമപഞ്ചായത്ത് ഒടുക്കേണ്ടതായ പലിശ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല. അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുക ഉപയോഗപ്പെടുത്തി പലിശ ബാധ്യത ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിന്റെ പലിശ ബാധ്യത ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്താതിരുന്നത് അപാകമാണ്.

### 1-1-10 ബി 15 ഷെഡ്യൂളിൽ നെഗറ്റീവ് തുക രേഖപ്പെടുത്തിയതും മറ്റ് അപാകങ്ങളും

റിസീവബിൾസ് ഓഫ് റിഡംപ്ഷൻ ഇനത്തിൽ (-)1,13,77,066/- രൂപ ബി15 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കിട്ടാനുള്ള തുക നെഗറ്റീവ് ആയി വന്ന സാഹചര്യം വ്യക്തമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (12/11.10.23) സർക്കാരിൽ നിന്ന് തിരിച്ച് കിട്ടിയ തുകയാണെന്ന മറുപടി മാത്രമാണ് ലഭ്യമാക്കിയത്. തിരിച്ച് കിട്ടിയ തുക ബി15 ഷെഡ്യൂളിൽ രേഖപ്പെടുത്തേണ്ട സാഹചര്യം ഇല്ലാത്തതിനാലും തിരിച്ച് കിട്ടിയ ശേഷം മൈനസ് തുക ചേർത്തതിനാലും അക്കൗണ്ടിംഗിൽ പിഴവ് ഉണ്ടായിട്ടുണ്ട് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. 2021-22 സാമ്പത്തിക വർഷത്തെ ബി15 ഷെഡ്യൂളിൽ റിഡംപ്ഷൻ ഇനത്തിൽ രേഖപ്പെടുത്തിയ 1,57,87,844/- രൂപയും 2022-23 സാമ്പത്തിക വർഷം കിട്ടാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈയിനത്തിൽ 1,57,72,461/- രൂപ തിരിച്ച് കിട്ടിയതായി ആർ പി 45 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കണക്കുകൾ ക്രമീകരിക്കേണ്ടതും യഥാർത്ഥത്തിൽ തിരിച്ച് കിട്ടാനുള്ള തുകയുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

### 1-1-11 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിനത്തിൽ പാസ് ബുക്ക് പ്രകാരവും എം എൻ ആർ ഇ ജി എസ് ക്യാഷ് ബുക്ക് പ്രകാരവും നീക്കിയിരിപ്പുള്ളത് 3,78,276/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയത് 3,83,317/- രൂപയാണ്. വ്യത്യാസം ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

### 1-1-12 ഡെപ്പോസിറ്റ് വർക്ക്- വിവരങ്ങൾ ബി 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല

വിവിധ നിർവ്വഹണ ഏജൻസികൾക്ക് മുൻകൂറായി നല്കിയതിൽ ക്രമീകരിക്കാൻ ബാക്കിയുള്ള തുകയുടെ വിവരങ്ങൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

1. പ്രോജക്ട് നമ്പർ 2/23 ₹4924860 സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കുന്നതിനായി കെ എസ് ഇ ബി ക്ക് നല്കിയതാണ്. ഇതിൽ വികസന ഫണ്ടിൽ നിന്നുള്ള ചെലവായ 49,23,200/- രൂപ ഐ 14 ബി ഷെഡ്യൂളിൽ സ്ട്രീറ്റ് ലൈറ്റ്സ്, റെമിറ്റിംഗ് അരിയർ ഓഫ് ഇലക്ട്രിസിറ്റി ചാർജ്ജ് എന്ന ഹെഡിലാണ് ചേർത്തത്.

2. അനർട്ടിന് സോളാർ നിലയങ്ങൾ സ്ഥാപിക്കുന്നതിനായി 2021-22 സാമ്പത്തിക വർഷം നല്കിയ 8,07,400/- രൂപയും തൻവർഷം നല്കിയ 50,270/- രൂപയും ഉൾപ്പെടെ ആകെ 8,57,670/- രൂപ ക്രമീകരിക്കാൻ ബാക്കിയുണ്ട്.എന്നാൽ ആയത് ബി 18 ഷെഡ്യൂളിൽ ചേർത്തിട്ടില്ല.

## 1-1-13 മുൻകൂർ ക്രമീകരിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല

അഡ്വാൻസ് രജിസ്റ്ററിൽ, നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻകൂറായി നല്കിയ തുകയിൽ 31.03.22 തീയതിയിൽ ക്രമീകരിക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയ 3,02,621/- രൂപ, ജനവരി മാസത്തിൽ (1/23) ക്രമീകരിച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (ജേണൽ എൻട്രി നടത്തി ക്രമീകരിച്ചത്) തുക ഏതിനത്തിലുള്ളതാണെന്ന് വ്യക്തമാക്കുകയോ ക്രമീകരിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

## 1-1-14 വികസന ഫണ്ട്, ജനറൽ- ഐ 6 ഷെഡ്യൂളിൽ മുഴവൻ തുകയും ഉൾപ്പെടുത്തിയിട്ടില്ല

വികസന ഫണ്ട് ജനറൽ ഇനത്തിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സുലേഖ ചെലവു പത്രിക ഇവ പ്രകാരം വരുന്ന ചെലവ് (₹4,03,72,698) വാർഷിക ധനകാര്യ പത്രികയിലെ ഐ–6 ഷെഡ്യൂളിലേക്ക് ജേണൽ ചെയ്ത വരവുമായി (₹4,03,26,853) പൊരുത്തപ്പെടുന്നില്ല (വ്യത്യാസം ₹45,845).

## 1-1-15 അഗതിരഹിത കേരളം ഗ്രാന്റ്- സിഡിഎസ് ന് കൈമാറിയ തുക ചെലവായി രേഖപ്പെടുത്തി

അഗതിരഹിത കേരളം ഗ്രാന്റായി 2021-22 സാമ്പത്തിക വർഷം ലഭിച്ച 16,53,045/- രൂപ സി ഡി എസ് ചെയർപേഴ്സണ് കൈമാറിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിന് മുമ്പ് തുക ചെലവായി രേഖപ്പെടുത്തിയത് ശരിയല്ല. തുക ബി 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-2 ബജറ്റ്

ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് 30.03.22 തീയതിയിലെ 01/22 നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 13.03.23 തീയതിയിലെ 1/23(2) നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 1,16,04,133 | 1,16,04,133 |
| വരവ് | 47,71,15,700 | 53,12,35,780 |
| ആകെ | 48,87,19,833 | 54,28,39,913 |
| ചെലവ് | 48,25,22,800 | 53,63,66,264 |
| നീക്കിയിരിപ്പ് | 61,97,033 | 64,73,649 |

## 1-3 സാമ്പത്തിക നില(റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3,50,56,590 |
| വരവ് | 8,76,78,206 |
| ആകെ | 12,27,34,796 |
| ചെലവ് | 6,74,91,779 |
| നീക്കിയിരിപ്പ് | 5,52,43,017 |
| വരവ് നഷ്ടം | തിട്ടപ്പെടുത്തിയിട്ടില്ല |
| ചെലവ് നഷ്ടം | ₹82,353 |
| തടസ്സപ്പെടുത്തിയ തുക | ₹71,87,401 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | - | 4,25,58,000 | 4,25,58,000 | 4,03,72,698 | 21,85,302 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി.) | - | 18,01,813 | 18,01,813 | 17,26,900 | 74,913 |
| വികസന ഫണ്ട് (ടി.എസ്.പി.) | - | 28,90,000 | 28,90,000 | 28,90,000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | - | 1,38,95,000 | 1,38,95,000 | 1,16,65,932 | 22,29,068 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | - | 1,01,66,000 | 1,01,66,000 | 73,05,339 | 28,60,661 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് (**) | 40,01,256 | 54,23,000+ 7,83,824 (ട്രഷറി അലോട്ട്മെന്റ് –സ്പിൽഓവർ)+ 3,65,642 (പലിശ) ആകെ 65,72,466/- | 1,05,73,722 | 61,09,454/- (6,86,254 ട്രഷറി അലോട്ട് മെന്റിൽ നിന്നുള്ള ചെലവ്) | 44,64,268 (97,570 രൂപ ഒഴികെ ബാങ്ക് അക്കൗണ്ടിൽ) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) (**) | 26,81,819 | 81,35,000/- + 44,65,118/- (ട്രഷറി അലോട്ട്മെന്റ് – സ്പിൽഓവർ) ആകെ 1,26,00,118 | 1,52,81,937 | 1,18,03,313/- (23,37,759/- ട്രഷറി അലോട്ട് മെന്റിൽ നിന്നുള്ള ചെലവ്) | 34,78,624/- (21,27,359/- രൂപ ഒഴികെ ബാങ്ക് അക്കൗണ്ടിൽ) |
| ഹെൽത്ത് ഗ്രാന്റ് | 0 | 6,45,064 | 6,45,064 | 6,16,554 | 28,510 |
| ഐ.സി.ഡി.എസ്-കേന്ദ്രവിഹിതം | 2,70,664 | 16,74,826 | 19,45,490 | 8,24,859 | 11,20,631 |
| എം.പി.ഫണ്ട് | 15,310 | 325 | 15,635 | 0 | 15,635 |
| MNREGS | 23,118 | 8,28,58,263 | 8,28,81,381 | 8,24,98,063 | 3,83,318 |
| അഗതിരഹിത കേരളം, ചലഞ്ച് ഫണ്ട് | 16,53,045 | 0 | 16,53,045 | 16,53,045(*) | 0 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 4,57,159 | 0 | 4,57,159 | 0 | 4,57,159 |
| എസ് ബി എം ഫണ്ട് | 0 | 4,73,372 | 4,73,372 | 4,73,372 | 0 |
| ലൈഫ് സ്റ്റേറ്റ് ഷെയർ | 20,06,401 | 1,15,40,000 | 1,35,46,401 | 42,50,000 | 92,96,401 |
| വിമുക്തി | 22,580 | - | 22580 | 8000 | 14,580 |
| ആരോഗ്യ കേരളം | 1,97,758 | - | 1,97,758 | - | 1,97,758 |
| ശിശു സൗഹാർദ്ദ ടോയിലറ്റ് | 12,000 | - | 12,000 | - | 12,000 |
| കിഫ്ബി | 53924 | - | 53924 | - | 53924 |
| കെ.എസ്.എഫ്.ഇ. ഇ ഓൺലൈൻ വിദ്യാസഹായി | 40,000 | - | 40,000 | - | 40,000 |
| കൃഷി അവാർഡ് | 1,00,000 | - | 1,00,000 | - | 1,00,000 |
| കാനം വയൽ ഇടക്കോളനി പാലം | 5,00,000 | - | 5,00,000 | - | 5,00,000 |
| കാനം വയൽ സാംസ്കാരിക നിലയം | 15,85,820 | - | 1585820 | 0 | 15,85,820 |
| പൈക്ക | 83444 | 1714 | 85,158 | 0 | 85,158 |
| സാക്ഷരത | 38,834 | 1,138 | 39,972 | 0 | 39,972 |

(*) സി ഡി എസ് ന് കൈമാറി. വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

(**) B4 ഷെഡ്യൂളിൽ ആകെ നീക്കിയിരിപ്പ് ശരിയാണെങ്കിലും ഇനം തിരിച്ചുള്ള നീക്കിയിരിപ്പിൽ വ്യത്യാസമുണ്ട്. ബേസിക്ക് ഗ്രാന്റ് നീക്കിയിരിപ്പ് 43,66,698/- രൂപയും ടൈഡ് ഫണ്ട് നീക്കിയിരിപ്പ് 13,51,265/- രൂപയും ആണ്. മുന്നിരിപ്പ് പി ഡി ഇ ചെയ്തപ്പോൾ വന്ന വ്യത്യാസമാണ് ഇതിനു കാരണം. കണക്കുകൾ ശരിയാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 223 | 32,26,68,221 | 173 | 11,30,02,081 | 30 | 145 | 50 | 65 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരങ്ങൾ

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷിഓഫീസർ | 5 | 4 | 34,80,250 | 27,54,750 | 79% |
| 2 | വെറ്റിനറിസർജൻ | 5 | 5 | 24,04,900 | 18,54,100 | 77% |
| 3 | മെഡിക്കൽ ഓഫീസർ (പിഎച്ച്സി) | 11 | 11 | 67,73,877 | 61,08,346 | 90% |
| 4 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 4 | 4 | 6,95,000 | 6,91,800 | 99.5% |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 30 | 28 | 21,75,35,160 | 3,53,19,863 | 16% |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13 | 13 | 1,03,33,365 | 89,82,174 | 87% |
| 7 | സെക്രട്ടറി | 25 | 19 | 1,44,83,288 | 1,33,80,290 | 92% |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ | 113 | 75 | 5,92,38,382 | 3,71,59,728 | 63% |

| | | | | | | |
|---|---|---|---|---|---|---|
| 9 | അസിസ്റ്റന്റ് സെക്രട്ടറി | 9 | 8 | 30,27,244 | 26,88,305 | 89% |
| 10 | ഹെഡ്മാസ്റ്റർ | 7 | 5 | 16,39,255 | 12,38,690 | 75.6% |
| 11 | ഡയറി ഫാം ഇൻസ്പെക്ടർ | 1 | 1 | 30,57,500 | 28,24,035 | 92.4% |
| | ആകെ | 223 | 173 | 32,26,68,221 | 11,30,02,081 | 35% |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ഭരണ ചെലവ് | 23118 | 11,39,565 | 11,62,683 | 7,79,365 | 3,83,318(*) |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (കൂലി, മെറ്റീരിയൽ ചെലവ്) | - | 8,17,18,698 | 8,17,18,698 | 8,17,18,698 | |
| ആകെ | 23,118 | 8,28,58,263 | 8,28,81,381 | 8,24,98,063 | 3,83,318 |

(*)3,78,276/- രൂപയാണ് ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ്.

## 1-6-1 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- നിർവ്വഹണത്തിലെ അപാകങ്ങൾ

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 8.17 കോടി രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ 2.44 കോടി രൂപ ആസ്തി നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള ചെലവാണ്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്

ഫെറോ സിമന്റിൽ തയ്യാറാക്കുന്ന ബോർഡുകൾ ബേസ് കോൺക്രീറ്റ് ചെയ്ത് ഉറപ്പിക്കുകയാണ് ചെയ്യുന്നത് എന്നാണ് എം എൻ ആർ ഇ ജി എസ് വിഭാഗത്തിൽ നിന്നും അറിയിച്ചിട്ടുള്ളത്. സ്ഥാപനവുമായി ചമച്ച എഗ്രിമെന്റും ഏത് രീതിയിലുള്ള ബോർഡാണ് സ്ഥാപിക്കേണ്ടത് എന്ന് വ്യക്തമാക്കുന്ന എസ്റ്റിമേറ്റും ഹാജരാക്കിയിട്ടില്ല.

2. പ്ലാന്റേഷൻ പിറ്റുകൾ സ്ഥാപിക്കൽ

പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ഉടമസ്ഥരുടെ പേര് മാത്രമാണ് രേഖപ്പെടുത്തുന്നത്.സർവ്വേ നമ്പറും സ്ഥലത്തിന്റെ ഉടമസ്ഥരുടെ പേരും എസ്റ്റിമേറ്റിലും എം ബുക്കിലും ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. പ്ലാന്റേഷൻ പിറ്റുകളിൽ തൈകൾ നട്ടിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തിക്കൊണ്ട് അധികാരപ്പെട്ട ഉദ്യോഗസ്ഥർ നല്കുന്ന സാക്ഷ്യപത്രം ഫയലുകളിൽ ഉൾപ്പെടുത്തേണ്ടതാണ്.

3. റോഡ് നിർമ്മാണ പ്രവൃത്തികൾ

റോഡുകളുടെ അസറ്റ് കോഡ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതും ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലല്ലാത്ത ഭൂമിയിൽ റോഡ് നിർമ്മിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

4. ഫോം വർക്ക്

കോൺക്രീറ്റ് പ്രവൃത്തികളിൽ ഉൾപ്പെടുത്തുന്ന സെന്ററിംഗ് & ഷട്ടറിംഗ് പ്രവൃത്തികൾക്കായി (ഫോം വർക്ക്) വിതരണക്കാർ നല്കുന്ന സാധനങ്ങൾ തിരികെ സ്റ്റോക്കിലെടുത്ത് മറ്റ് പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തിയിട്ടില്ല. റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ ഫോട്ടോകളിൽ മരപ്പലകകൾ സപ്പോർട്ടില്ലാതെ കോൺക്രീറ്റ് ചെയ്യുന്ന ഭാഗത്തിന്റെ വശങ്ങളിൽ വച്ചതായാണ് കാണുന്നത്. എന്നാൽ വിതരണക്കാരുടെ ബില്ലുകളിൽ താഴെ പറയുന്ന ഇനങ്ങൾ ഉൾപ്പെടുന്നുണ്ട്.

Wall Form Panel, Corner Angle 45*45*5 Mm 1.5m Long, 100mm Channel Shoulder, Double Clip, Single Clip, Ms Tube 40mm Dia. ഉപയോഗപ്പെടുത്താത്ത ഇനം ബില്ലിൽ വന്നതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല (ഒരു പ്രവൃത്തിക്ക് ഏകദേശം 3400/- രൂപയുടെ സാധനങ്ങൾ). സാധനങ്ങൾ തിരികെ സ്റ്റോക്കിലെടുത്ത് മറ്റ് പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തേണ്ടതാണ്. വാങ്ങാത്ത സാധനങ്ങളുടെ വില നല്കിയിട്ടുണ്ടോ എന്ന് പരിശോധിച്ച് തുടർനടപടികൾ

സ്വീകരിക്കേണ്ടതാണ്.

5. ജി എസ് ടി – ടി ഡി എസ്

സാധനങ്ങൾ വിതരണം ചെയ്യുന്ന കരാറുകാർക്ക് ജി എസ് ടി ഉൾപ്പെടെയുള്ള ബിൽ തുകയാണ് നല്കുന്നതെങ്കിലും അവരിൽ നിന്നും 2% ജി എസ് ടി, ടി ഡി എസ് ചെയ്യാതെയാണ് തുക നല്കിയിട്ടുള്ളത്. ആയത് ഈടാക്കി ഒടുക്കു വരുത്തേണ്ടതും അനുബന്ധ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1,04,93,800 | 704 |
| വിധവാ പെൻഷൻ | 1,54,96,000 | 1086 |
| വാർദ്ധക്യകാല പെൻഷൻ | 4,22,32,000 | 3103 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 56,18,800 | 400 |
| അമ്പതു വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 9,55,200 | 69 |
| വിവാഹ ധനസഹായം | 1,50,000 | 5 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.10.2023 ന് രാവിലെ 11.40 മണിക്ക് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 7,184/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഏതൊരു സ്ഥാപനത്തിന്റെയും കാര്യക്ഷമമായ പ്രവർത്തനം ഉറപ്പു വരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനുപേക്ഷണീയമാണ്. ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനയിൽ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ പറയുന്ന പോരായ്മകൾ ഉള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1.ഭരണസമിതി മിനുട്സ് പ്രസിഡണ്ടിന്റെ അംഗീകാരത്തിനയക്കാൻ കാലതാമസം വരുത്തുന്നു

ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗങ്ങളുടെ മിനുട്സ് നിലവിൽ സകർമ്മ സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ വഴിയാണ് രേഖപ്പെടുത്തി വരുന്നത്. യോഗങ്ങൾ ചേർന്ന ശേഷം തീരുമാനങ്ങൾ പ്രസിഡണ്ടിന്റെ അംഗീകാരത്തിനയക്കാൻ കാലതാമസം വരുത്തിയിട്ടുണ്ട്. ഇത് 1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗനടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 26(4), 26(6), 26(8) എന്നിവയുടെ ലംഘനമാണ്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| യോഗം ചേർന്ന തീയതി | മിനുട്സ് അംഗീകാരത്തിനയച്ച തീയതി | മിനുട്സ് അംഗീകരിച്ച തീയതി |
|---|---|---|
| 16.12.22 | 10.01.23 | 10.01.23 |
| 12.12.22 | 16.01.23 | 16.01.23 |
| 18.11.22 | 27.01.23 | 27.01.23 |
| 20.10.22 | 23.01.23 | 23.01.23 |
| 11.01.23 | 01.04.23 | 01.04.23 |
| 25.01.23 | 26.04.23 | 26.04.23 |
| 31.01.23 | 17.03.23 | 17.03.23 |
| 23.02.23 | 26.04.23 | 26.04.23 |

2.വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചപ്പോൾ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലൊന്നും തന്നെ പദ്ധതി അവലോകനം അജണ്ടയായി ഉൾപ്പെടുത്തിയിട്ടില്ല എന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ട്. പദ്ധതി നിർദ്ദേശങ്ങൾ

മാത്രമാണ് യോഗ തീരുമാനങ്ങളായി വന്നിട്ടുള്ളത്. ചില വർക്കിംഗ് ഗ്രൂപ്പുകളുടെ മിനട്സ് അപൂർണ്ണമാണ്. (ഉദാഹരണം കുടിവെള്ളം ശുചിത്വം, പൊതുമരാമത്ത്) .വർക്കിംഗ് ഗ്രൂപ്പുകൾ നിക്ഷിപ്ത ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി വിഷയം അതാത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയുള്ള സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ശ്രദ്ധയിൽ പെടുത്തുന്നു.

3.സ്റ്റാഫ് മീറ്റിംഗ്

ജൂലൈ മാസത്തിനു ശേഷമുള്ള സ്റ്റാഫ് മീറ്റിംഗ് മിനട്സ് പൂർണ്ണമല്ല. 09.01.23 നാണ് അവസാനമായി മീറ്റിംഗ് ചേർന്നിട്ടുള്ളത് എന്നാണ് മിനട്സ് പരിശോധനയിൽ വ്യക്തമാകുന്നത്.കൃത്യമായ ഇടവേളകളിൽ സ്റ്റാഫ് മീറ്റിംഗ് വിളിച്ചു ചേർത്ത് ഓഫീസ് പ്രവർത്തനം വിലയിരുത്തേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നല്കേണ്ടതുമാണ്.

4.ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന റോഡ് പ്രവൃത്തികളിൽ ആസ്തി രജിസ്റ്റർ പ്രകാരമുള്ള കോഡ് രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സൈറ്റുകളിൽ മാത്രമാണ് പ്രവൃത്തികൾ നടപ്പാക്കുന്നത് എന്ന് ഉറപ്പു വരുത്തുന്നതിന് ഇത് സഹായകമാകും. വ്യക്തിഗത ഗുണഭോക്താക്കളുടെ പറമ്പുകളിൽ പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ സ്ഥലത്തിന്റെ സർവ്വേ നമ്പറും ഉടമസ്ഥന്റെ പേരും എസ്റ്റിമേറ്റിലും എം ബുക്കിലും രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. പ്ലാന്റേഷൻ പിറ്റുകൾ തയ്യാറാക്കി നല്കുമ്പോൾ പ്ലാന്റേഷൻ നടത്തുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

5. ആസ്തി പരിപാലനം

ഗ്രാമപഞ്ചായത്തിൽ അസറ്റ് മാനേജ് മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിക്ക് 2022-23 സാമ്പത്തിക വർഷം അടിസ്ഥാന ഭൂനികുതി ഒടുക്കിയിട്ടില്ല. റവന്യൂ അധികാരികളുമായി ബന്ധപ്പെട്ട് അടിസ്ഥാന ഭൂനികുതി ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അടിസ്ഥാന ഭൂനികുതി കൃത്യമായി ഒടുക്കു വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. നിഷ്ക്രിയ ആസ്തി

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും കേരഫെഡിന്റെ സഹകരണത്തോടെ യന്ത്രസാമഗ്രികൾ സ്ഥാപിക്കപ്പെട്ടിട്ടുള്ള തുമായ തട്ടുമ്മൽ കൊപ്ര ഡ്രയർ യൂനിറ്റ് കാടുകയറി നശിക്കുന്ന അവസ്ഥയിലാണുള്ളത് എന്നാണ് പത്രമാധ്യമങ്ങളിൽ വന്ന റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത് (മലയാള മനോരമ ദിനപ്പത്രം – തീയതി 15.10.2023). കേര കർഷകർക്ക് ഏറെ സഹായകമാകുന്ന പ്രസ്തുത യൂനിറ്റ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ് (വിശദ വിവരങ്ങൾക്ക് ഓഡിറ്റ് റിപ്പോർട്ട് 2021-22 ഖണ്ഡിക 1-27 കാണുക).

## 1-10 ഗ്രാമസഭ

2022-23 സാമ്പത്തിക വർഷം ചെറുപുഴ ഗ്രാമപഞ്ചായത്തിലെ 19 വാർഡുകളിലും 5/22, 8/22, 9/22, 12/22 മാസങ്ങളിലായി 4 തവണ ഗ്രാമസഭകൾ സമ്മേളിച്ചിട്ടുണ്ട്. വാർഷിക പദ്ധതി രൂപീകരണം, സ്റ്റാറ്റസ് റിപ്പോർട്ട് , വികസന രേഖ അംഗീകരിക്കൽ, 2021-22ലെ ഗുണഭോക്തൃപട്ടിക സാധൂകരണം, വരവു ചെലവു കണക്കുകൾ അവതരിപ്പിക്കൽ, വാതിൽപ്പടി സേവന പദ്ധതി അവലോകനം. 2022-23 സാമ്പത്തിക വർഷത്തെ ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ, മഴക്കാല പൂർവ്വശുചീകരണം, പ്ലാസ്റ്റിക്ക് വിമുക്ത ഗ്രാമം, ഹരിത കർമ്മസേന പ്രവർത്തനാവലോകനം, വിമുക്തി- ലഹരി വിരുദ്ധ ബോധവൽക്കരണം, സമ്പൂർണ്ണ ജല ശുചിത്വ യജ്ഞം, ലൈഫ് 2020 അന്തിമ മുൻഗണനാ പട്ടിക അംഗീകരിക്കൽ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ജി ഐ എസ് ആക്ഷൻ പ്ലാൻ അപാകത പരിഹരിച്ച് അംഗീകരിക്കൽ, അഡീഷണൽ ആക്ഷൻ പ്ലാൻ അംഗീകരിക്കൽ, ഐ എൽ ജി എം എസ് സിറ്റിസൺ ലോഗിൻ ഉപയോഗ ബോധവൽക്കരണം, ഭിന്നശേഷി സവിശേഷ തിരിച്ചറിയൽ കാർഡ്, 23-24 വാർഷിക പദ്ധതി രൂപീകരണം, സാമൂഹ്യ സുരക്ഷാ പെൻഷൻ ലിസ്റ്റ് അംഗീകരിക്കൽ എന്നിവയാണ് പ്രധാന അജണ്ടകൾ.

## 1-11 വസ്തുനികുതി - സേവന ഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പരിശോധിക്കപ്പെടേണ്ടതാണ്.

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 207-ാം വകുപ്പ് പ്രകാരം സേവനഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് പ്രസ്തുതകെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപപ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത്

നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. ഓരോ വർഷവും ചെറുപുഴ ഗ്രാമപഞ്ചായത്ത് ഇത്തരം സേവനങ്ങൾക്കായി ലക്ഷക്കണക്കിന് രൂപ ചെലവഴിക്കുന്നുണ്ടെങ്കിലും വസ്തുനികുതിയിന്മേൽ സേവന ഉപനികുതി നിശ്ചയിക്കുന്നതിനുള്ള യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല.
ഗ്രാമപഞ്ചായത്തിന് ചുമത്താവുന്ന സേവനഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ലഭിക്കുന്ന സേവനം | നിരക്ക് (കെട്ടിടത്തിന്റെ വസ്തുനികുതിയുടെ ശതമാനം) |
|---|---|---|
| 1 | ശുചിത്വപരിപാലനം | 4% |
| 2 | ജലവിതരണം | 3% |
| 3 | തെരുവ് വിളക്കുകൾ | 2% |
| 4 | ഡ്രെയിനേജ് | 1% |

2023-24 പ്രാബല്യത്തിൽ നടപ്പിലാക്കുന്ന വസ്തുനികുതി പരിഷ്കരണത്തിലും സേവന ഉപനികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. സേവന ഉപനികുതി ചുമത്തുന്നതിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

## 1-12 സ്വകാര്യ ഹോസ്റ്റൽ കെട്ടിടത്തിന്റെ വസ്തു നികുതി ഈടാക്കിയതിൽ കുറവ്- ഗ്രാമപഞ്ചായത്തിനുണ്ടായ സഞ്ചിത നഷ്ടം-720915/- രൂപ

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾക്ക്, സ.ഉ.(അ) നമ്പർ 36/2015/തസ്വഭവ തീയതി 24.02.2015 പ്രകാരം പുറപ്പെടുവിച്ച ഭേദഗതി വിജ്ഞാപനത്തിൽ സ്വകാര്യ ഹോസ്പിറ്റൽ, ഹോം സ്റ്റേ എന്നിവയ്ക്ക് ഏറ്റവും കുറഞ്ഞത് 30/- രൂപയും ഏറ്റവും കൂടിയ നിരക്ക് 60/- രൂപയും ആയി നിശ്ചയിച്ചിട്ടുണ്ട്. ഇതുപ്രകാരം സ്വകാര്യ ഹോസ്റ്റൽ കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 45/- രൂപയാണ് 01-04-2013 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച അടിസ്ഥാന വസ്തുനികുതി നിരക്ക്. എന്നാൽ ഹോസ്റ്റൽ എന്ന് ഉപയോഗക്രമം രേഖപ്പെടുത്തിയ ചുവടെ കൊടുത്തിരിക്കുന്ന കെട്ടിടത്തിന് പാർപ്പിടാവശ്യത്തിന് നിശ്ചയിച്ച 4 രൂപ നിരക്കിലുള്ള വസ്തു നികുതിയാണ് ഈടാക്കിയിട്ടുള്ളത്.

| വാർഡ് നം/ കെട്ടിട നമ്പർ | കെട്ടിട ഉടമസ്ഥന്റെ പേര് | കെട്ടിട വിസ്തീർണം ച.മീ | ഉപയോഗ ക്രമം | ഈടാക്കേണ്ട വസ്തു നികുതി @ ₹45/ച.മീ (2016-17 രണ്ടാം അർദ്ധ വർഷം നിർണ്ണയിച്ചത്) | ഈടാക്കിയ തുക (പാർപ്പിടാവശ്യത്തിനുള്ള @4രൂപ/ ച.മീ നിരക്കിൽ ₹) | കുറവ് വന്ന തുക ₹ |
|---|---|---|---|---|---|---|
| 3/82A | സിസ്റ്റർ സി.സാന്റിന, സുപീരിയർ ജനറൽ (സെന്റ് മാർത്താസ് കോൺവെന്റ് ഹോസ്റ്റൽ കെട്ടിടം) | 2146.91 | സ്വകാര്യ ഹോസ്റ്റൽ | 45X2146.91= 96610.95 മേഖലവർദ്ധനവ് വഴിസൗകര്യം (20%) 19322.19 ആകെ ₹115933.14 ലൈബ്രറി സെസ് 5796.66(LC 5%) ആകെ | 4X2146.91= 8587.64 മേഖല വർദ്ധനവ് വഴി സൗകര്യം (20%) 1717.53= 10305.17+ 515.26 (LC 5%)= | 121730-10820= 110910 |

| | | | | | | |
|---|---|---|---|---|---|---|
| | | | | 96610.95+19322+ 5796.66 =₹121730 | 10820 | |

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.48/2022-23/18.10.2023) 3/82A നമ്പർ കെട്ടിടത്തിന് വസ്തു നികുതി നിശ്ചയിച്ചപ്പോൾ കുറവ് വന്ന തുക ഉടമയിൽ നിന്ന് ഈടാക്കുവാനുള്ള നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും, പ്രസ്തുത തുക ഈടാക്കിയശേഷം ഓഡിറ്റ് വകുപ്പിനെ അറിയിക്കുന്നതാണെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

മുകളിൽ പരാമർശിച്ചിട്ടുള്ള കെട്ടിടത്തിന് 2022-23 സാമ്പത്തിക വർഷം വസ്തുനികുതിയിനത്തിൽ 1,10,910/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. പ്രസ്തുത നഷ്ടം ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്. കൂടാതെ 2016-17 രണ്ടാം അർദ്ധ വർഷം മുതൽ 2021-22 രണ്ടാം അർദ്ധവർഷം വരെ ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് 6,10,005/- (55455+554550=610005) രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട് (2022-23 വരെയുള്ള സഞ്ചിത നഷ്ടം 7,20,915/- രൂപ). ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കി വിവരം രേഖകൾ സഹിതം ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്. കൂടാതെ ഇപ്രകാരം തെറ്റായി വസ്തുനികുതി നിർണ്ണയിച്ച മറ്റ് ഏതെങ്കിലും ഹോസ്റ്റൽ കെട്ടിടങ്ങൾ ഉണ്ടോ എന്ന് പരിശോധിച്ച് തുടർനടപടി സ്വീകരിച്ച് ആയതിന്റെ വിവരം കൂടി ലഭ്യമാക്കേണ്ടതാണ്.

## 1-13 250 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് വരുത്തിയിട്ടില്ല-സാങ്കേതിക പിഴവ് ഐ കെ എം ന്റെ ശ്രദ്ധയിൽ പെടുത്തേണ്ടതാണ്

ചെറുപുഴ ഗ്രാമപഞ്ചായത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയ താഴെക്കൊടുത്തിരിക്കുന്ന 250 ച. മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ തറനിർമ്മിതി, മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് എന്നിവ കൊണ്ടുള്ളത് എന്ന വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത് (സഞ്ചയ സോഫ്റ്റ്‌വെയറിൽ അപ്ലിക്കേഷനിൽ നിന്നുള്ള റിപ്പോർട്ട് പ്രകാരം). മേൽത്തരം തറ നിർമ്മിതിയുള്ള 250 ച.മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതിയുടെ 15% വർദ്ധനവ് കൂടി വരുത്തേണ്ടതുണ്ട്. എന്നാൽ ആയത് ചെയ്തിട്ടില്ല.

| കെട്ടിട ഉടമയുടെ പേര്: കിണാക്കൂൽ മുഹമ്മദ് മുതൽ പേർ | |
|---|---|
| വാർഡ് നമ്പർ/കെട്ടിട നമ്പർ | തറ വിസ്തീർണ്ണം(ച.മീ.) |
| 2/1644എ | 204.43 |
| 2/1644ബി | 43.18 |
| 2/1644.സി | 25 |
| 2/1644.ഡി | 26 |
| 2/1644.ഇ | 26 |
| 2/1644.എഫ്. | 27 |
| 2/1644.ജി | 27 |
| 2/1644.എച്ച്. | 26 |
| 2/1644.ഐ | 27 |
| 2/1644.ജെ. | 26 |
| 2/1644.കെ | 331 |

| | |
|---|---|
| 2/1644.എൽ | 26 |
| 2/1644.എം | 26 |
| 2/1644.എൻ. | 26 |
| 2/1644.ഒ | 26 |
| 2/1644.പി | 26 |
| 2/1644.ക്യൂ | 26 |
| 2/1644ആർ. | 26 |
| 2/1644 എസ്. | 40.9 |
| ആകെ | 1011.51 ച.മീ. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.49/2022-23/18.10.2023), നല്കിയ മറുപടിയിൽ നിലവിൽ ഇത്തരം കാര്യങ്ങൾ ചെയ്യുന്നതിനുള്ള പ്രൊവിഷൻ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഇല്ല എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്.

250 ച.മീ മുകളിലുള്ള കെട്ടിടങ്ങൾക്ക് ഒന്നിൽ കൂടുതൽ നമ്പർ പതിച്ച് വസ്തു നികുതി ചുമത്തുമ്പോൾ തറ വിസ്തീർണ്ണത്തിൽ മാറ്റം വരുന്നതുകൊണ്ടാണ് തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15 ശതമാനം വർദ്ധനവ് വരാതിരുന്നത് .ടി വിഷയവുമായി ബന്ധപ്പെട്ട് സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന് ഐ കെ എം മായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

250 ച.മീ മുകളിലുള്ളതും മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് ഇവയിലേതെങ്കിലും ഉപയോഗപ്പെടുത്തിയുള്ള തറനിർമ്മിതി വരുന്നതുമായ മുഴുവൻ കെട്ടിടങ്ങൾക്കും ഈ രീതിയിലുള്ള വർദ്ധനവ് വരുത്തേണ്ടതും അനുബന്ധ രേഖകൾ പരിശോധനക്കായി ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതുമാണ്.

## 1-14 അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിലെ വീഴ്ച.

സഞ്ചയ സോഫ്റ്റ്‌വെയർ അപ്ലിക്കേഷനിൽ നിന്നുള്ള റിപ്പോർട്ടുകൾ പ്രകാരം ചെറുപുഴ ഗ്രാമപഞ്ചായത്തിൽ 5 അനധികൃത കെട്ടിടങ്ങളാണുള്ളത്. എന്നാൽ 2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി അനധികൃത നിർമ്മാണങ്ങളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ അറിയിക്കുന്നതിന് കെട്ടിട ഉടമകളോട് ആവശ്യപ്പെട്ടത് പ്രകാരം 9 ബി ഫാറത്തിൽ വിവരങ്ങൾ നൽകിയവരുടെ എണ്ണം 237 ആണ്.

ഗ്രാമപഞ്ചായത്തിൽ അനധികൃതനിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഗ്രാമപഞ്ചായത്തിൽ നിന്നും ഒക്യുപ്പെൻസി ലഭിച്ചതിനുശേഷം കെട്ടിടങ്ങളിൽ അനധികൃത നിർമ്മാണം കണ്ടെത്തുന്നതിന് 2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തുന്നില്ല. അനധികൃതനിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യുന്ന തീയതി മുതൽ മാത്രമാണ് കേരള പഞ്ചായത്ത് രാജ് നിയമം 235 എ എ പ്രകാരം യു എ നമ്പർ നൽകി വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക ഈടാക്കാനാവുന്നത്. പരിശോധനചുമതലയിലുള്ള ജീവനക്കാർ അനധികൃതനിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലുണ്ടാകുന്ന വീഴ്ച മൂലം ഗ്രാമപഞ്ചായത്തിന് വരുമാനനഷ്ടമുണ്ടാകുന്നതിനും കേരള പഞ്ചായത്ത് രാജ് ആക്ടിലേയും അനുബന്ധ ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരമല്ലാതെ നടത്തുന്ന നിർമ്മാണങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കാൻ കഴിയാതിരിക്കുന്നതിനും കാരണമായിട്ടുണ്ട്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17,24 പ്രകാരം കെട്ടിടത്തിന്റെ വസ്തുനികതി നിർണ്ണയിക്കപ്പെട്ട ശേഷം ഘടനാപരമായി വരുത്തുന്ന മാറ്റങ്ങൾ, ഉപയോഗക്രമത്തിലുള്ള മാറ്റങ്ങൾ, കൂട്ടിച്ചേർക്കലുകൾ എന്നിവ രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമകൾക്ക് പ്രസ്തുതവിവരം അറിയിക്കുന്നതിന് സൗകര്യം നൽകിയതിന്റെയടിസ്ഥാനത്തിലാണ് 9 ബി ഫാറത്തിൽ 237 അപേക്ഷകൾ ലഭിച്ചിട്ടുള്ളത്. ഇതിൽ നിയമാനുസൃത കെട്ടിടനമ്പർ ലഭിച്ചതിന് ശേഷമുള്ള കൂട്ടിച്ചേർക്കലുകളും, നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01-04-2023

തീയതി പ്രാബല്യത്തിൽ നടപ്പിലാക്കുന്ന വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച സർക്കാരിന്റെ 22-03-2023 തീയതിയിലെ സ.ഉ (കൈ) നമ്പർ 77/2023/തസ്വഭവ ഉത്തരവ് പ്രകാരമുള്ള തുടർനടപടികളുടെ ഭാഗമായി നടത്തുന്ന ഫീൽഡ് പരിശോധനയിൽ 9 ബി ഫാറത്തിൽ ലഭിച്ച 237 അപേക്ഷകൾ ഉൾപ്പെടെ ഗ്രാമപഞ്ചായത്തിലെ എല്ലാ കെട്ടിടങ്ങളും പരിശോധനവിധേയമാക്കി നികുതി പുനർനിർണ്ണയിച്ച് രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ സമൂഹ മാധ്യമങ്ങളിൽ പരസ്യം നല്കുന്ന റിസോർട്ടുകൾ ഉണ്ടെങ്കിലും (ഉദാഹരണം-മിസ്റ്റി ഡെയ്ൽ റിസോർട്ട്- താബോർ, പാലാവയൽ ഫാം റിസോർട്ട്, സർവ്വോ സോണിക്ക് ഹോട്ടൽസ് & റിസോർട്ട്സ്) സഞ്ചയ സോഫ്റ്റ്‌വെയർ അപ്ലിക്കേഷനിൽ നിന്നുള്ള റിപ്പോർട്ടുകൾ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ റിസോർട്ടുകൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. മേൽപ്പറഞ്ഞ അനധികൃത നിർമ്മാണങ്ങളും പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഇവ സംബന്ധിച്ച് വ്യക്തമായ മറുപടി ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-15 എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് - അപാകങ്ങൾ

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017-ലെ ജി.ഒ.(പി)നം.80/2017 പ്രകാരം ഡി&ഒ ലൈസൻസ് ചട്ടങ്ങൾ ഭേദഗതി ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 14.6.2019-ലെ ഭരണസമിതി തീരുമാനം നമ്പർ 1/109/2019(5) പ്രകാരം വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിന് ഉല്പാദന, സേവന മേഖലകളിൽ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് സംരംഭങ്ങൾക്ക് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

| എന്റർപ്രൈസസിന്റെ തരം | ഉത്പാദന മേഖല | സേവന മേഖല | ലൈസൻസ് ഫീസ് ₹ |
|---|---|---|---|
| | മൂലധന ചെലവ് | മൂലധന ചെലവ് | |
| മൈക്രോ | 5ലക്ഷം രൂപവരെ | 250000രൂപവരെ | 300 |
| | 5 ലക്ഷം രൂപയ്ക്ക് മുകളിൽ 25ലക്ഷം രൂപ വരെ | 250000 രൂപയ്ക്ക് മുകളിൽ 10ലക്ഷം രൂപ വരെ | 500 |
| മിനി | 25 ലക്ഷം രൂപയ്ക്ക് മുകളിൽ 50ലക്ഷം രൂപ വരെ | 10 ലക്ഷം രൂപയ്ക്ക് മുകളിൽ 25ലക്ഷം രൂപ വരെ | 750 |
| | 50 ലക്ഷം രൂപയ്ക്ക് മുകളിൽ 1കോടി രൂപ വരെ | 25 ലക്ഷം രൂപയ്ക്ക് മുകളിൽ 50ലക്ഷം രൂപ വരെ | 1000 |
| സ്മോൾ | | 50 ലക്ഷം രൂപയ്ക്ക് മുകളിൽ 2കോടി രൂപ വരെ | 3000 |
| | 1കോടി രൂപയ്ക്ക് മുകളിൽ 5കോടി രൂപ വരെ | | 5000 |
| മീഡിയം | 5കോടി രൂപയ്ക്ക് മുകളിൽ 10കോടി രൂപ വരെ | 2കോടി രൂപയ്ക്ക് മുകളിൽ 5കോടി രൂപ വരെ | 10000 |
| ലാർജ്ജ് | 10കോടി രൂപയ്ക്ക് മുകളിൽ | 5കോടി രൂപയ്ക്ക് മുകളിൽ | 15000 |

(എ) 2022-23 സാമ്പത്തിക വർഷം എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് അനുവദിച്ച ഏതാനും അപേക്ഷകൾ

പരിശോധിച്ചപ്പോൾ ചുവടെ കൊടുത്തിരിക്കുന്ന അപേക്ഷയിൽ രേഖപ്പെടുത്തിയ മൂലധന നിക്ഷേപത്തിന് അനുസരിച്ചല്ല ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളത് എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

| എഫ്.ടി.ഇ.& ഒ.എസ് രജിസ്റ്ററിലെ ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | അപേക്ഷകന്റെ പേര്. | സ്ഥാപനം സംബന്ധിച്ച വിവരം | അപേക്ഷയിൽ രേഖപ്പെടുത്തിയ മൂലധന നിക്ഷേപം | ലൈസൻസ് ഫീ ഇനത്തിൽ ഈടാക്കേണ്ട തുക ₹ | ലൈസൻസ് ഫീ ഇനത്തിൽ ഈടാക്കിയ തുക ₹ | *കുറവ് വന്ന തുക* ₹ |
|---|---|---|---|---|---|---|---|
| 280 | 2/1136, M,O,P, Q,R,S | ഉത്തം സുദം കദം | സ്വർണ്ണം, വെള്ളി, ഡയമണ്ട് ആഭരണം വിൽപ്പന | 7,00,00,000 (ഉത്പാദന മേഖല) | 10000 | 5000 | 5000 |

എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് ഫീസ് ഈടാക്കുമ്പോൾ തുക കുറവ് വന്നതിന്റെ കാരണം ലഭ്യമാക്കുവാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം15/2022-23/12.10.2023), മൂലധനം തെറ്റായി രേഖപ്പെടുത്തിയതാണെന്നും സ്ഥാപനത്തിന്റെ ആകെ മൂലധന നിക്ഷേപം (ജ്വല്ലറി ഐറ്റംസ്) 2 കോടിയിൽ താഴെ മാത്രമേ വരികയുള്ളൂ എന്നും സ്ഥാപന ഉടമ അറിയിച്ചിട്ടുണ്ട് എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. മറുപടി തൃപ്തികരമല്ല. സ്വർണ്ണം , വെള്ളി , ഡയമണ്ട് ആഭരണ വില്പന യഥാർത്ഥത്തിൽ സേവന മേഖലയിലാണ് ഉൾപ്പെടുന്നത്. ഇവിടെ ഉല്പാദന മേഖല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.സേവനമേഖലയിൽ 5 കോടിക്ക് മുകളിൽ മൂലധന നിക്ഷേപം വരുമ്പോൾ 15000രൂപയാണ് ഈടാക്കേണ്ടത് എന്ന കാര്യവും ശ്രദ്ധയിൽ പെടുത്തുന്നു.

ആയത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി,സ്വന്തം കെട്ടിടമാണെങ്കിൽ ആയത് ഉൾപ്പെടെ, പ്രസ്തുത ജ്വല്ലറിയുടെ മൂലധന നിക്ഷേപം 2 കോടിയിൽ താഴെയാണെന്ന് ഉറപ്പ് വരുത്തേണ്ടതും അന്വേഷണ റിപ്പോർട്ട് പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം കുറവ് വന്ന തുക സ്ഥാപനത്തിൽ നിന്നും ഈടാക്കി റസീറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

(ബി) അപേക്ഷയിലോ, അന്വേഷണ റിപ്പോർട്ടിലോ മൂലധനം നിക്ഷേപം രേഖപ്പെടുത്താതെ ലൈസൻസ് നൽകിയവ.

| എഫ്.ടി.ഇ. &ഒ.എസ് രജിസ്റ്ററിലെ ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | അപേക്ഷകന്റെ പേര്. | സ്ഥാപനം സംബന്ധിച്ച വിവരം | അപേക്ഷയിൽ രേഖപ്പെടുത്തിയ മൂലധന നിക്ഷേപം | ലൈസൻസ് ഫീ ഇനത്തിൽ ഈടാക്കിയ തുക ₹ |
|---|---|---|---|---|---|
| 47 | 5/445 | പി.ഗോവിന്ദൻ നമ്പ്യാർ. | ഫർണിച്ചർ നിർമ്മാണം | രേഖപ്പെടുത്തിയിട്ടില്ല. | 300 |
| 52 | 2/173 | പ്രവീൺ സെബാസ്റ്റ്യൻ | മരം ഡിപ്പോ നടത്തുന്നതിന് | രേഖപ്പെടുത്തിയിട്ടില്ല. | 3000 |
| 882 | 2/1522 | ബ്രിജേഷ്.കെ.വി. | പ്രിന്റിംഗ് പ്രസ്സ് നടത്തുന്നതിന് | രേഖപ്പെടുത്തിയിട്ടില്ല. | 500 |
| 814 | 2/1011 | ഡോ.മുഹമ്മദ് നിസാബ്. | ഡെന്റൽ ക്ലിനിക്ക് | രേഖപ്പെടുത്തിയിട്ടില്ല. | 500 |

മുകളിൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും ഏതടിസ്ഥാനത്തിലാണ് എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ്

ഫീസ് ഈടാക്കിയതെന്ന് വ്യക്തമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് , ഗണ്യമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട് എന്ന് വാർഡ് ക്ലാർക്ക് റിപ്പോർട്ട് ചെയ്ത സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിന് അപേക്ഷിക്കുമ്പോൾ ഫീസ് വർദ്ധിപ്പിക്കാറുണ്ടെന്നും, ടി പരിശോധന കർശനമായി നടത്തുന്നതിന് ക്ലാർക്കുമാർക്ക് നിർദ്ദേശം നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ലൈസൻസ് പുതുക്കുന്ന അവസരത്തിൽ സ്ഥാപനത്തിന്റെ മൂലധന നിക്ഷേപത്തിന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

(സി).നോറ ആയുർവേദിക് ഹോസ്പിറ്റൽ ആന്റ് റിസർച്ച് സെന്റർ, മിസ്റ്റി ഡേൽ റിസോർട്ട്സ് താബോർ, പാലാവയൽ ഫാം റിസോർട്ട് , സെർവോ സോനിക്ക് ഹോട്ടൽസ് & റിസോർട്ട്സ് എന്നീ സ്ഥാപനങ്ങൾ എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഹാജരാക്കുവാൻ വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നോറ ആയുർവേദിക് ക്ലിനിക്ക് മരുന്ന് വിൽപ്പനയ്ക്കും, ക്ലിനിക്ക് നടത്തുന്നതിനും 2023-24 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടുണ്ടെന്നും, ചെറുപുഴ ഗ്രാമ പഞ്ചായത്തിൽ നിലവിൽ റിസോർട്ടുകൾക്ക് കെട്ടിട നമ്പർ അനുവദിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ സെർവോ സോനിക്ക് ഹോട്ടൽസ് & റിസോർട്ട്സ് എന്ന സ്ഥാപനം കെട്ടിട നമ്പറിനായി നേരത്തെ സമർപ്പിച്ച അപേക്ഷ നിരസിച്ചിട്ടുണ്ട് എന്നും പഞ്ചായത്ത് ഒക്യുപ്പൻസി നൽകി നമ്പറാകുന്ന മുറയ്ക്ക് റിസോർട്ടുകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട് . ലൈസൻസെടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

(ഡി)ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി തയ്യാറാക്കി ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുന്ന ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 1-16 വാടക- GST ഈടാക്കിയതിൽ കുറവ് വന്നത്- ₹446 ഈടാക്കി ഒടുക്കു വരുത്തേണ്ടതാണ്

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചുവടെ കൊടുത്തിരിക്കുന്ന വാടക മുറിയുടെ 2022 ഏപ്രിൽ മാസത്തെ വാടക ഈടാക്കിയതിൽ GST ഇനത്തിൽ ഈടാക്കിയ തുകയിൽ 446/- രൂപയുടെ കുറവ് വന്നിട്ടുണ്ട്.

| മുറികൾ വാടകയ്ക്കെടുത്ത വ്യക്തിയുടെ പേര് | കെട്ടിട നമ്പർ | പ്രതിമാസ വാടക ₹ | ഈടാക്കേണ്ട GSTതുക @ 18% | ഈടാക്കിയ GST തുക | GST ഇനത്തിൽ കുറവ് വന്ന തുക | ഒടുക്കിയ തുക ഉൾപ്പെടുന്ന രസീത് നം,തീയ്യതി |
|---|---|---|---|---|---|---|
| ഷീന ബിജു. | CP/2/869 | 5590 | ₹1006 | ₹560 | ₹446 | 6150/1220100228/ 28.4.2022. |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.50/2022-23/18.10.2023) കുറവ് വന്ന തുക ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി അതാത് ഹെഡ് ഓഫ് അക്കൗണ്ടുകളിൽ ഒടുക്കു വരുത്തേണ്ടതാണ്.

## 1-17 വാടക ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിൽ ഉള്ള മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും, കെട്ടിടങ്ങളും, മുറികളും വാടകയ്ക്ക് നൽകുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകളും, നിബന്ധനകളും ഉൾക്കൊള്ളിച്ച് കൊണ്ടുള്ള നിയമാവലി തയ്യാറാക്കി നാളിതുവരെ അംഗീകാരം വാങ്ങിയിട്ടില്ല.
1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 256 പ്രകാരം ഈ നിയമത്തിലെയും, മറ്റേതെങ്കിലും നിയമത്തിലെയും വ്യവസ്ഥകൾക്കും, ചട്ടങ്ങൾക്കും വിധേയമായി പഞ്ചായത്തിന് അവരുടെ കാര്യങ്ങൾ നിറവേറ്റാൻ സർക്കാർ അംഗീകാരത്തോടു കൂടി ബൈലോ ഉണ്ടാക്കേണ്ടതുണ്ട്. ബൈലോ തയ്യാറാക്കി അംഗീകരിച്ച് പഞ്ചായത്ത് ഡയറക്ടറുടെ അനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നിലവിൽ മാതൃപഞ്ചായത്തായ പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ ബൈലോ തന്നെയാണ് ചെറുപുഴ ഗ്രാമപഞ്ചായത്തിലും ഉപയോഗപ്പെടുത്തി വരുന്നത്.

## 1-18 തനത് വരുമാനം ഗ്രാമപഞ്ചായത്തിലെ നിലവിലെ സ്ഥിതി സംബന്ധിച്ച അവലോകനം.

ഗ്രാമപഞ്ചായത്തിന്റെ റവന്യൂ ചെലവുകളിൽ വലിയ വർദ്ധനവ് വന്നിട്ടുണ്ടെങ്കിലും ആനുപാതികമായി റവന്യൂ വരവിൽ

വർദ്ധനവുണ്ടായിട്ടില്ല. റവന്യൂ ചെലവുകൾ വർദ്ധിച്ച് വരുന്ന സാഹചര്യം കണക്കിലെടുത്ത് തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിലും പുതിയ സ്രോതസ്സുകൾ കണ്ടെത്തുന്നതിലും ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം (Own Source Revenue) സംബന്ധിച്ച നിലവിലെ സ്ഥിതികൾ അവലോകനം നടത്തിയതിന്റെ അടിസ്ഥാനത്തിലുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

വസ്തുനികുതി.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ പ്രകാരം തറ വിസ്തീർണ്ണത്തിന്റെയടിസ്ഥാനത്തിൽ പുതിയ കെട്ടിടങ്ങൾക്ക് 2011 ജനവരി 14 മുതലും നിലവിലുള്ള കെട്ടിടങ്ങൾക്ക് (വാർഷിക വാടകമൂല്യത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ചിരുന്നത്) 2013 ഏപ്രിൽ 1 മുതലുമാണ് വസ്തുനികുതി പരിഷ്കരണം പ്രാബല്യത്തിൽ വന്നത്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 203 പ്രകാരം സർക്കാർ നിശ്ചയിച്ച ഏറ്റവും കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾക്ക് അവ നിലവിൽ വന്ന തീയതി മുതൽ അഞ്ച് വർഷക്കാലമാണ് പ്രാബല്യമുണ്ടായിരുന്നത്. അതിനു ശേഷം ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് സർക്കാരിന്റെ 22-03-2023 തീയതിയിലെ സ.ഉ.(കൈ)നമ്പർ 77/2023/ തസ്വഭവ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം 01-04-2023 തീയതി പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. നിലവിലുള്ള കെട്ടിടങ്ങൾക്ക് വർഷം തോറും അഞ്ച് ശതമാനം എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിലും 2023-24ൽ പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് സ.ഉ.(അച്ചടി) 25/23, തീയതി 05-04-2023 ഗസറ്റ് വിജ്ഞാപന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിലുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ചെറുപുഴ ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് കൊണ്ടും മേഖലകൾ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ റോഡുകൾ എന്നിവ പുതുക്കി നിശ്ചയിച്ചും ഭരണസമിതിയുടെ 15-09-2023 തീയതിയിലെ 2/23 നമ്പർ തീരുമാന പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടെലികമ്മ്യൂണിക്കേഷൻ മൊബൈൽ ടെലഫോൺ ടവർ, ടെലികമ്മ്യൂണിക്കേഷൻ പോളുകൾ ഒഴികെയുള്ള ഭൂരിഭാഗം കെട്ടിടങ്ങൾക്കും ഉപവിഭാഗങ്ങൾക്കും മിനിമം നിരക്കാണ് അന്തിമ വിജ്ഞാപന പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ളത്. അതേ സമയം സേവന ഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുമില്ല. വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും 01-04-2023 പ്രാബല്യത്തിലുള്ള വസ്തുനികുതി പരിഷ്കരണ ഉത്തരവിൽ നിഷ്കർഷിച്ച വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ കെട്ടിടങ്ങളിലും ഫീൽഡ് പരിശോധന ആരംഭിച്ചിട്ടില്ല. വസ്തു നികുതി ചുമത്തുന്നതിന് കെട്ടിടങ്ങളെ കണ്ടെത്തുന്നതിനുള്ള ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം (ജി ഐ എസ്) മാപ്പിംഗ് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കാത്ത സാഹചര്യത്തിൽ മുഴുവൻ കെട്ടിടങ്ങളും ഫീൽഡ് പരിശോധനയിലൂടെ തന്നെ കണ്ടെത്തേണ്ടതുണ്ട്.

നിലവിലുള്ള കെട്ടിടങ്ങൾക്ക് അഞ്ച് ശതമാനം വർദ്ധനവ് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി, 01-04-2023 തീയതി മുതൽ പുതുക്കിയ നിരക്കിൽ ഗ്രാമപഞ്ചായത്ത് നികുതി ഈടാക്കി വരുന്നുണ്ട്.

തൊഴിൽ നികുതി

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾപ്രകാരം വ്യക്തികൾ, സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കുവാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രോഫഷണലുകൾ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, എൻജിനീയർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂൾ, കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഡാറ്റാബേസിന്റെ അഭാവത്തിൽ തൊഴിൽ നികുതി ചുമത്തിയതിലെയും ഈടാക്കിയതിലെയും കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല. എല്ലാ വിഭാഗം പ്രൊഫഷണലുകളുടെയും, വ്യാപാരികളുടെയും, വ്യവസായികളുടെയും, അസംഘടിത മേഖലയിലെ തൊഴിലാളികളുടെയും, സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികളുടെയും സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കേണ്ടതും തൊഴിൽ നികുതിയിനത്തിലുണ്ടാകുന്ന വരുമാന ചോർച്ച പരിഹരിക്കേണ്ടതുമാണ്.

എഫ് ടി ഇ & ഒ എസ് ലൈസൻസ്

ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ട്രേഡേഴ്സ് ലിസ്റ്റിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയോ ഭരണസമിതിയോ അംഗീകാരം നൽകിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മസേനയുടെ സേവനം പ്രയോജനപ്പെടുത്തിയും വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായുള്ള ഫീൽഡ് പരിശോധനയിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും ആയതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ അംഗീകാരം വാങ്ങേണ്ടതും ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

FTE&OS ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഈടാക്കുന്നതെങ്കിലും മൂലധന നിക്ഷേപത്തിന്റെ ആധികാരികത ഉറപ്പ് വരുത്തുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. താരതമ്യേന ഉയർന്ന മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് സാധിക്കുന്ന തരത്തിൽ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്. ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത വ്യക്തമായ രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 അനുസരിച്ചുള്ള FTE&OS ലൈസൻസ് ഫീസുകൾ, അത്തരം സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി, പൂർണ്ണമായും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ലൈസൻസിന്റെ പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കാൻ ആവശ്യമെങ്കിൽ തദ്ദേശഭരണ സ്ഥാപനത്തിലെ മുഴുവൻ വ്യാപാരസ്ഥാപനങ്ങൾക്കും വാർഡ് അടിസ്ഥാനത്തിൽ പ്രത്യേക നമ്പർ നൽകി അവയുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാവുന്നതാണ്.

മറ്റ് വരവിനങ്ങൾ

ഗ്രാമപഞ്ചായത്തിലെ മറ്റ് പ്രധാന നികുതിയേതര വരുമാനങ്ങൾ താരതമ്യേന കുറവാണ്. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളുടെ വാടക മാത്രമാണ് നിലവിലെ പ്രധാനപ്പെട്ട നികുതിയേതര വരുമാനം. ഗ്രാമപഞ്ചായത്തിൽ ടൂറിസത്തിനുള്ള സാധ്യതകൾ പരിശോധിച്ച് നികതിയേതര വരുമാന വർദ്ധനവിനുതകുന്ന നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ഇടപെടലുകൾ അനിവാര്യമാണ്.

തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ

1. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ്തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

2. സഞ്ചയയിൽ തെറ്റായ രേഖപ്പെടുത്തലുകൾ വരുത്തി നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ കാര്യത്തിൽ ഫീൽഡ് പരിശോധന നടത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഫീൽഡ് പരിശോധന നടത്തി സഞ്ചയയിൽ നികുതി ഇളവ് രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾ നികുതി ഇളവിന് അർഹമാണോ എന്ന കാര്യം കൂടി പരിശോധിച്ച് ഉറപ്പുവരുത്താവുന്നതാണ്.

3. ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. നികുതി നിർണ്ണയപരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി എൻജിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

4. വസ്തുനികുതി കൃത്യമായി നിർണ്ണയിക്കുന്നതിന് ജി.ഐ.എസ് അധിഷ്ഠിത വിവര സങ്കേതങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്.

5. ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കി സാമ്പത്തികനില മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കാവുന്നതാണ്.

6. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പുഴ പുറമ്പോക്കുകൾ, മറ്റ് സ്ഥലങ്ങൾ മുതലായവ സർക്കാരിന്റെ വിവിധ ടൂറിസം പദ്ധതികളുമായി സംയോജിപ്പിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

7. 01-04-2023 പ്രാബല്യത്തിൽ വരുന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളിലും ഫീൽഡ് പരിശോധന നടത്തി ന്യൂനതകൾ പരിഹരിക്കേണ്ടതും അനധികൃതനിർമ്മാണങ്ങൾ സംബന്ധിച്ച തുടർനടപടി സ്വീകരിച്ച് വസ്തു നികുതി ഈടാക്കാവുന്നതുമാണ്.

8. സേവനഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ച സർക്കാരിന്റെ സ.ഉ.(കൈ)നം.84/22/തസ്വഭവ തീയതി 19-04-2022 ഉത്തരവ് ഖണ്ഡിക 5.1 ൽ വിഭവ സമാഹരണം സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ ഉൾക്കൊണ്ടു കൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്.

## 1-19 സ്മാർട്ട് ഐ ഫേസ് I -പൊതു ഇടങ്ങളിൽ സിസി ടി വി സ്ഥാപിക്കൽ- വിനിയോഗവിവരം-പദ്ധതി ആരംഭിച്ചതിന്റെ വിവരം-ലഭ്യമാക്കിയില്ല. ചെലവ് തുക ₹1,77,000 തടസ്സപ്പെടുത്തുന്നു.

സമ്പൂർണ്ണ ശുചിത്വത്തിന്റെ ഭാഗമായി പൊതു ഇടങ്ങളിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ച് മാലിന്യങ്ങൾ

വലിച്ചെറിയുന്നത് തടയുന്നതിനായുള്ള പദ്ധതി നടപ്പിലാക്കുന്നതിന് താഴെപ്പറയും പ്രകാരമുള്ള തുക കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്.

| | |
|---|---|
| നിർവഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ,പേര് | 246/23,സ്മാർട്ട് ഐ ഫേസ് I -പൊതു ഇടങ്ങളിൽ സിസി ടി വി സ്ഥാപിക്കൽ |
| അടങ്കൽ | ₹1,77,000 (തനത് ഫണ്ട്) |
| ചെലവഴിച്ച തുക | ₹177000 |
| വൗച്ചർ നമ്പർ, തീയതി | 22200887/22-02-2023 |

പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചതിന്റെ വിവരങ്ങൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/10-10-2023) മറുപടിയായി വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല എന്നും പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഒരു സിസിടിവി ക്യാമറയും യു പി എസും റാക്കും എം വി ആർ ഉം സ്ഥാപിച്ചിട്ടുണ്ടെന്നും ആയവ പ്രവർത്തനക്ഷമമായില്ല എന്നും അറിയിച്ചിട്ടുണ്ട്. തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാലും സ്ഥാപിച്ച ഉപകരണങ്ങൾ പ്രവർത്തനക്ഷമമല്ലാത്തതിനാലും ₹1,77,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് പ്രവർത്തന ചെലവ് നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല-₹30000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

വൗച്ചർ നമ്പർ 22200929/06.03.2023 ₹30000/-
പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് പ്രവർത്തന ചെലവ്, ഐ ടി കം ടെക്നിക്കൽ എക്സ്പർട്ട് വേതനം എന്നീയിനങ്ങളിലായി യഥാക്രമം 10000/- രൂപ, 20000/- രൂപ എന്നിങ്ങനെ 2022-23 വർഷത്തിലെ ആകെ തുകയായ 30000/- രൂപ പെർഫോമൻസ് യൂണിറ്റ്-5 ന് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.43/17-10-2023) നൽകിയ മറുപടിയിൽ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലാത്തതിനാൽ ₹30000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 എ ബി സി പദ്ധതി-പദ്ധതി നടപ്പിലാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.ചെലവ് ₹1,00,000 തടസ്സപ്പെടുത്തുന്നു.

തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ 2065/2022 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ല പഞ്ചായത്തുകളുടേയും നഗരഭരണ സ്ഥാപനങ്ങളുടേയും സംയുക്ത പ്രൊജക്ടായാണ് എ ബി സി നടപ്പിലാക്കേണ്ടതെന്നും മുഖ്യനിർവ്വഹണ സ്ഥാപനം ജില്ലാപഞ്ചായത്തായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം ₹1,00,000 ഗ്രാമപഞ്ചായത്ത് കണ്ണൂർ ജില്ല പഞ്ചായത്തിന് നൽകിയിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പരും പേരും | 232/23, എ ബി സി പദ്ധതി |
| അടങ്കൽ | ₹1,00,000(വികസനഫണ്ട് ) |
| ചെലവ്-ബിൽ നമ്പർ,തീയതി | ₹1,00,000- 224/ 27-01-2023 |

മേൽ ഉത്തരവ് ഖണ്ഡിക 13 പ്രകാരം ഗ്രാമ പഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും എ ബി സി പ്രവർത്തനം മോണിറ്ററിംഗ് ചെയ്യേണ്ടതുമാണ്. ആയതു പ്രകാരം രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ വിവരവും, ഇതേ വരെ പദ്ധതിയുടെ ഭാഗമായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ റിപ്പോർട്ടും ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/10-10-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. തുകയുടെ വിനിയോഗ സാക്ഷ്യപത്രവും പദ്ധതി ആരംഭിച്ചതിന്റെ വിവരവും ലഭ്യമാക്കാത്തതിനാൽ ചെലവ് ₹1,00,000 തടസ്സപ്പെടുത്തുന്നു. തുകയുടെ വിനിയോഗസാക്ഷ്യപത്രവും പദ്ധതി ആരംഭിച്ചതിന്റെ വിവരവും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല-ചെലവ് ₹4924860 തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പാടിയോട്ടുചാൽ മുതൽ ജോസ്ഗിരി വരെയും ചെറുപുഴ മേലേ ബസാർ മുതൽ താബോർ വരെയും സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് കെ എസ് ഇ ബി, ചെറുപുഴയിൽ 49,24,860/- രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 2/23 |
| പ്രോജക്ടിന്റെ പേര് | സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ |
| അടങ്കൽ ₹4925200 | ₹4923200 (ധനകാര്യകമ്മീഷൻ അവാർഡ്-ബേസിക്ക് ഗ്രാന്റ്) ₹2000 (തനത് ഫണ്ട്) |
| ചെലവഴിച്ച തുക₹4924860 | ₹4923200 (ധനകാര്യകമ്മീഷൻ അവാർഡ്) ₹1660 (തനത് ഫണ്ട്) |
| വൗച്ചർ/ബിൽ നമ്പർ, തീയതി | ബിൽ നമ്പർ 256/ 15-02-2023- ₹4923200 (എ സി ആർ പ്രകാരം) വൗച്ചർ നമ്പർ 22200886/22-02-2023-₹1660 |

തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി പ്രത്യേക ലൈൻ വലിക്കുകയും ആയവയ്ക്ക് മീറ്റർ സ്ഥാപിക്കുകയുമാണ് പദ്ധതി ലക്ഷ്യം. പദ്ധതിയുമായി ബന്ധപ്പെട്ട പൂർത്തീകരണ സാക്ഷ്യപത്രം, ബിൽ സംക്ഷിപ്തം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.
രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/10-10-2023) കെ എസ് ഇ ബി ക്ക് കത്ത് നല്കിയിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 10.07.2022 ലെ സർക്കുലർ നമ്പർ ഡി.എ.1/179/22 പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾ സാമ്പത്തിക വർഷാവസാനത്തിനകം പൂർത്തീകരിക്കേണ്ടതുണ്ട്. പൂർത്തീകരണപത്രം, ബിൽ സംക്ഷിപ്തം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാത്തതിനാൽ ₹49,24,860 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 ഘടക സ്ഥാപനങ്ങൾക്ക് സോളാർ സംവിധാനമൊരുക്കൽ- വിനിയോഗസാക്ഷ്യപത്രവും അനുബന്ധരേഖകളും പരിശോധനക്ക് ലഭ്യമാക്കിയില്ല.തൻവർഷം ചെലവ് ചെയ്ത ₹50270 തടസപ്പെടുത്തുന്നു

ഘടക സ്ഥാപനങ്ങളായ എഫ് എച്ച് സി പുളിങ്ങോം, വാഴക്കണ്ടം ജി എൽ പി സ്കൂൾ എന്നിവിടങ്ങളിൽ യഥാക്രമം 10 KW, 3 KW ശേഷിയുള്ള സോളാർ പ്ലാന്റുകൾ സ്ഥാപിക്കുകയാണ് പദ്ധതി ലക്ഷ്യം.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 267/23 |
| പ്രോജക്ടിന്റെ പേര് | ഘടക സ്ഥാപനങ്ങൾക്ക് സോളാർ സംവിധാനമൊരുക്കൽ |
| അടങ്കൽ | ₹50270 (മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്) |

| | |
|---|---|
| ചെലവഴിച്ച തുക | ₹50270 |
| ബിൽ നമ്പർ, തീയ്യതി | 34/03.03.2022, ₹807400 (2021-22)<br>417/25-03-2023- ₹50270 (2022-23) |

പദ്ധതി നിർവ്വഹണത്തിനായി 2021-22 സാമ്പത്തിക വർഷം 807400 രൂപയും 2022-23 സാമ്പത്തിക വർഷം 50270 രൂപയും അനർട്ട് കണ്ണൂരിന് നൽകിയിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത പദ്ധതി പൂർത്തീകരണത്തിൽ വന്ന കാലതാമസം സംബന്ധിച്ച അപാകത വിശദീകരിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 08/10-10-2023) കെ എസ് ഇ ബി യിൽ നിന്നും വാഴക്കുണ്ടം സ്കൂളിന്റെ ഫീസിബിലിറ്റി യഥാസമയം ലഭ്യമാവാത്തതിനാൽ സൌരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കാലതാമസം നേരിടുകയും ഡെപ്പോസിറ്റ് ചെയ്ത തുക മതിയാകാതെ വന്നതിനാൽ 2022-23 സാമ്പത്തിക വർഷം അധീഷണലായി ₹50270 വകയിരുത്തി അനെർട്ടിന് കൈമാറുകയുമാണ് ഉണ്ടായതെന്ന മറുപടി നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ അനെർട്ടുമായി ഉണ്ടാക്കിയ എഗ്രിമെന്റ്, മുൻവർഷങ്ങളിലെ പദ്ധതി ഫയൽ, വിനിയോഗസാക്ഷ്യപത്രം, പൂർത്തീകരണപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കാത്തതിനാൽ 2022-23 സാമ്പത്തിക വർഷം ചെലവ് ചെയ്ത ₹50270 തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രവും അനുബന്ധരേഖകളും പരിശോധനക്ക് ലഭ്യമാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്.

## 1-24 KBOCWW സെസ് ബില്ലുകളിൽ നിന്ന് തന്നെ കുറവ് ചെയ്തിട്ടുണ്ടെന്നിരിക്കെ വീണ്ടും സെസ് ഇനത്തിൽ ഒടുക്കിയ ₹82353 നിരാകരിക്കുന്നു.

1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻസ് വർക്കേഴ്സ് വെൽഫെയർ സെസ് ആക്ട്, സെക്ഷൻ 3 അനുസരിച്ച് ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം നിർമ്മാണ പ്രവർത്തനത്തിന്റെ ചെലവിന്റെ ഒരു ശതമാനം സെസ്സായി ₹82353 വൗച്ചർ നമ്പർ 22200170 തീയതി 20-06-2022 പ്രകാരം ഗ്രാമപഞ്ചായത്ത് ഒടുക്കിയിട്ടുണ്ട്. ജില്ല ലേബർ ഓഫീസ് ഡെപ്യൂട്ടി ഡയരക്ടറുടെ 30-04-2022 തീയതിയിലെ E6/7682/17TPBA നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരമാണ് തുക ഒടുക്കിയിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിലെ ബില്ലുകളിൽ തന്നെ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതമിനത്തിലുള്ള മുഴുവൻ തുകയും കുറവു ചെയ്ത് ക്ഷേമനിധി ബോർഡിലേക്ക് ഒടുക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| ബിൽ നമ്പർ | തീയതി | തുക | KBOCWW സെസ് ഇനത്തിൽ ബില്ലുകളിൽ നിന്നും കുറവ് ചെയ്ത തുക. |
|---|---|---|---|
| 511071360118073 | 09-10-2018 | 3537325 | 36280 |
| 511071360118101 | 05-02-2019 | 529222 | 0 |
| 511071360118092 | 28-01-2019 | 2000000 | 25941 |
| 511071360119052 | 15-07-2019 | 995000 | 0 |
| 511071360119057 | 19-07-2019 | 995000 | 31789 |
| 511071360119058 | 19-07-2019 | 114447 | 0 |
| 511071360119116 | 27-02-2020 | 4521331 | 0 |
| 511071360119117 | 27-02-2020 | 182646 | 48246 |
| 5110713601200193 | 31-03-2021 | 1076110 | 7133 |
| | | | ₹149389 |

ആകെ പ്രവൃത്തി മൂല്യമായ ₹149389.81 യുടെ 1% വരുന്ന KBOCWW സെസ് ഇനത്തിൽ ആവശ്യമായ മുഴവൻ തുകയും മേൽ ബില്ലുകളിൽ നിന്നും തന്നെ കുറവ് ചെയ്ത് ഒടുക്കിയിട്ടുണ്ടെന്നിരിക്കെ, സെസ്സടക്കാൻ വീണ്ടും നോട്ടീസ് ലഭിച്ചപ്പോൾ നേരത്തെ അയച്ച രേഖകൾ ഹാജരാക്കി പ്രസ്തുത വിവരം ജില്ല ലേബർ ഓഫീസ് ഡെപ്യൂട്ടി ഡയറക്ടറെ ബോധ്യപ്പെടുത്തി ബാധ്യത ഒഴിവാക്കുന്നതിന് പകരം, വീണ്ടും സെസ് ഇനത്തിൽ തുക ഒടുക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/15-10-2023) തുക തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന മറുപടി നൽകിയിട്ടുണ്ട്. അധികം നൽകിയ ₹82353 നിരാകരിക്കുന്നു. തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-25 ലൈബ്രറികൾക്ക് പുസ്തക ശേഖരണത്തിന് അലമാര -നടപടിക്രമങ്ങളിലെ അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ,<br>ജി.എൽ.പി.എസ്,വാഴകുണ്ടം |
| പ്രോജക്ട് നമ്പർ, പേര് | 88/23<br>ലൈബ്രറികൾക്ക് പുസ്തക ശേഖരണത്തിന് അലമാര |
| അടങ്കൽ | ₹50000 (തനത് ഫണ്ട്) |
| ചെലവ് | ₹49500 (തനത് ഫണ്ട്) |
| ബിൽ നം./തീയതി<br>(ACR പ്രകാരം) | 482/29.3.23 |

11 ലൈബ്രറികൾക്ക് അലമാര വാങ്ങി വിതരണം ചെയ്യുന്നതിന് ₹49500 (11x4500) മോഡേൺ സ്റ്റീൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ ഉടമയ്ക്ക് നൽകിയിട്ടുണ്ട്. പ്രോജക്ടിൽ നിർവ്വഹണ രീതി ടെണ്ടർ നടപടികളിലൂടെയാണെന്ന്

വ്യക്തമാക്കിയിട്ടുണ്ട്. സ.ഉ.(കൈ)നം.115/22/തസ്വഭവ തീയതി 28-05-22 ഖണ്ഡിക 2.20 പ്രകാരം നേരിട്ട് വാങ്ങുന്നതിന് അനുമതിയില്ലാത്ത ഇനങ്ങളുടെ വാങ്ങലുകൾക്ക് 8-11-2010ലെ ജി.ഒ.(പി)നം.259/2010/തസ്വഭവ പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ ബാധകമായിരിക്കുമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ₹25000 മുതൽ ₹100000 വരെയുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ സ്വീകരിക്കേണ്ടതാണ്. എന്നാൽ ക്വട്ടേഷൻ നടപടികളിലൂടെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. ആയതിന്റെ വിശദീകരണം ഹാജരാക്കേണ്ടത് സംബന്ധിച്ച് 13.10.23 ന് നൽകിയ 20-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കണമെന്നുള്ളതിനാലും പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലുള്ള അജ്ഞത മൂലവുമാണ് ഇങ്ങനെ സംഭവിച്ചത് എന്നാണ് അറിയിച്ചത്. ഇനി മുതൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം മാത്രമേ വാങ്ങലുകൾ നടത്തുകയുള്ളൂയെന്നും അറിയിച്ചിട്ടുണ്ട്. സമാന അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 കേരളോത്സവം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രൊജക്റ്റ് നമ്പർ / പേര് | 72/23 കേരളോത്സവം |
| അടങ്കൽ | ₹150000 വികസനഫണ്ട് |
| ചെലവ് | ₹119644 |
| ബിൽ നമ്പർ/തീയതി/തുക (A.C.R പ്രകാരം) | 467/28.3.23/₹24000<br>468/28.3.23/₹35615<br>469/28.3.23/₹60029 |

കേരളോത്സവം നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

2022-23 ലെ കേരളോത്സവം നടത്തിപ്പ് മാർഗ്ഗരേഖ ഖണ്ഡിക 8.4(3) ൽ ജില്ലാ സ്പോർട്സ് കൗൺസിൽ അല്ലെങ്കിൽ ജില്ലാതല ഒഫിഷ്യൽസ് മാത്രമേ കായിക മത്സരങ്ങൾ നിയന്ത്രിക്കുവാൻ പാടുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. കായിക മത്സരങ്ങൾ നിയന്ത്രിച്ച ഒഫിഷ്യൽസിന്റെ യോഗ്യത സംബന്ധിച്ച രേഖകളും മാർഗ്ഗരേഖ ഖണ്ഡിക 9.1(8) ലെ നിർദ്ദേശാനുസരണം വിധികർത്താക്കളുടെ പാനൽ രൂപീകരണവും, നിയമനവും സംബന്ധിച്ച രേഖകളും ലഭ്യമാക്കേണ്ടത് സംബന്ധിച്ച് 13.10.23 ന് നൽകിയ 21-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സമയബന്ധിതമായി മത്സരങ്ങൾ തീർക്കേണ്ടതിനാലും കൗൺസിൽ/ജില്ലാതല ഒഫീഷ്യൽസിനെ ലഭ്യമല്ലാതിരുന്നതിനാലും കായികാദ്ധ്യാപകരെയും പരിചയ സമ്പന്നരായവരേയും ഉപയോഗിച്ചാണ് മത്സരം നടത്തിയതെന്നും വിവിധ ഗ്രാമപഞ്ചായത്തുകളിൽ ഒരേ സമയത്ത് കേരളോത്സവ മത്സരങ്ങൾ നടക്കുന്നതിനാൽ ഒഫീഷ്യൽസിനെ മുൻകൂട്ടി കണ്ടെത്തി പാനൽ തയ്യാറാക്കുവാൻ സാധിച്ചിരുന്നില്ലായെന്നുമാണ് അറിയിച്ചത്. വരും വർഷങ്ങളിൽ നടപടിക്രമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 പഠനപരിമിതി പിന്തുണ സംവിധാനം - ഫാക്കൽറ്റികളെ തെരഞ്ഞെടുത്തതുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്,വാഴകുണ്ടം |
| പ്രോജക്റ്റ് നമ്പർ/ പേര് | 234/23 പഠനപരിമിതി പിന്തുണ സംവിധാനം |
| അടങ്കൽ | ₹200000 (വികസനഫണ്ട്) |
| ചെലവ് | ₹126665 (വികസനഫണ്ട്) |
| ബിൽ നം./തീയ്യതി/ തുക (ACR പ്രകാരം) | 465/28.3.23/78850<br>466/28.3.23/47815 |

പഠന പരിമിതിയുള്ള കുട്ടികൾക്ക് ആവശ്യമായ പിന്തുണ സംവിധാനം നല്കുന്നതിനായുള്ള പദ്ധതിയാണിത്.പദ്ധതിയുടെ ഭാഗമായി ചെറുപുഴ ജെ എം യു പി സ്കൂളിൽ വച്ച് കൗൺസലിംഗ് നടത്തിയതിന് ₹21800 ഫാക്കൽറ്റികൾക്ക് യാത്രാ ബത്ത നല്കിയിട്ടുണ്ട്. ഫാക്കൽറ്റികളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമാക്കുന്നതിനായി 13.10.23ന് നൽകിയ 36-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കേരളാ സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഫാക്കൽറ്റികളെ തിരഞ്ഞെടുത്തതെന്നാണ് അറിയിച്ചത്. എന്നാൽ അനുബന്ധ രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. വിദ്യാഭ്യാസ വകുപ്പ് മുഖേന സമാന പദ്ധതികൾ നടപ്പിലാക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതും ഫാക്കൽറ്റികളെ നിശ്ചയിച്ചതുമായി ബന്ധപ്പെട്ട കേരള സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ നിർദ്ദേശത്തിന്റെ പകർപ്പ് പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്. കൃത്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-28 പി.എം.എ.വൈ വിഹിതം കൈമാറൽ ബ്ലോക്ക് പഞ്ചായത്ത് ( എസ്.സി) - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല- ₹45000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ, പുളിങ്ങോം സർക്കിൾ |
| പ്രോജക്റ്റ് നമ്പർ, പേര് | 151/23, പി.എം.എ.വൈ വിഹിതം കൈമാറൽ ബ്ലോക്ക് പഞ്ചായത്ത് (എസ്.സി) |
| അടങ്കൽ | ₹1,80,000 (വികസന ഫണ്ട്-എസ്.സി.പി) |
| ചെലവ് | ₹1,80,000 |
| (ബിൽ നം./തീയതി (ACR പ്രകാരം) | 63/8.8.22/1,80,000 |

ചെറുപുഴ ഗ്രാമപഞ്ചായത്തിലെ പി.എം.എ.വൈ ലിസ്റ്റിൽ ഉൾപ്പെട്ട 4 ഗുണഭോക്താക്കൾക്ക് ( നയനി.കെ, രാധ മാവുങ്കൽ, രാഗിണി എൻ, സുമ രാജേഷ്) വേണ്ടി ₹1,80,000 (4x45000) പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് (A/C NO.799013100000336) നൽകിയിട്ടുണ്ട്. ₹1,80,000 നൽകിയതിൽ ₹1,35,000യുടെ വിനിയോഗ സാക്ഷ്യപത്രം മാത്രമാണ് ഹാജരാക്കിയത്. ബാക്കി ₹45000യുടെ വിനിയോഗ വിവരം ഹാജരാക്കേണ്ടത് സംബന്ധിച്ച് 18.10.23ന് നൽകിയ 55-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി വീട് പണി പൂർത്തിയാക്കിയ 3 ഗുണഭോക്താക്കൾക്ക് തുക നൽകിയിട്ടുണ്ടെന്നും സുമ രാജേഷ് എന്ന ഗുണഭോക്താവ് വീട് പണി ലിന്റൽ സ്റ്റേജ് പൂർത്തിയാക്കാത്തതിനാൽ തുക നൽകുവാൻ സാധിച്ചിട്ടില്ലായെന്നും എത്രയും പെട്ടെന്ന് വീട് പണി പൂർത്തിയാക്കണമെന്നും അല്ലാത്ത പക്ഷം കൈപ്പറ്റിയ തുക പലിശ സഹിതം തിരിച്ചടക്കണമെന്നും കാണിച്ച് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹45000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## 1-29 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ

ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി മുൻവർഷങ്ങളിൽ ആനുകൂല്യം കൈപ്പറ്റിയ താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെയായും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | പേര് | തുക കൈപ്പറ്റിയ തീയതി | നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|
| 1 | സുമ സന്തോഷ് | 23.10.21 | 90,000 | എസ്.റ്റി. അഡീഷണൽ ലിസ്റ്റ് |
| 2 | ജനീഷ രംഗൻ | 23.10.21 | 40,000 | എസ്.റ്റി. അഡീഷണൽ ലിസ്റ്റ് |
| 3 | മിനി രാജീവ് | 30.10.20 | 40,000 | ലൈഫ് ഫേസ് II |
| | | 08.06.21 | 1,60,000 | ലൈഫ് ഫേസ് II |

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 തിരുമേനി,കോലുവള്ളി ഹോമിയോ ആശുപത്രികളിലേക്ക് മരുന്ന് വാങ്ങൽ-മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല-₹287066യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ. |
| പ്രോജക്റ്റ് നമ്പർ/പേര് | 18/23, തിരുമേനി, കോലുവള്ളി ഹോമിയോ ആശുപത്രികളിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹5,00,000 മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | ₹5,00,000 |
| ബിൽനമ്പർ/തീയതി/തുക | 2219105201330070898б/27.10.22/₹5,00,000. |

മുകളിൽ പരാമർശിച്ച പ്രകാരം ₹500000 കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന്റെ (ഹോംകോ) പേരിലുള്ള അക്കൗണ്ട് നമ്പർ 34306403911 ലേക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയിൽ ₹2,12,934 (99735+113199)യുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭ്യമായിട്ടുള്ളത്. അവശേഷിക്കുന്ന മരുന്നുകൾ (₹287066) ലഭ്യമാക്കുന്നതിനായി സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങൾ അറിയിക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.39/2022-23/17.10.2023) മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനു വേണ്ടി ഹോംകോയ്ക്ക് കത്തയച്ചിട്ടുണ്ട് എന്ന് മറുപടിയാണ് നൽകിയിട്ടുള്ളത്. നിലവിൽ മുഴുവൻ മരുന്നുകളും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ₹287066 യുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് പർച്ചേസ് ബില്ലുകളും സ്റ്റോക്കിലെടുത്തതുമായി ബന്ധപ്പെട്ട രേഖകളും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## 1-31 പാലിയേറ്റീവ് കെയർ പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ-₹296108 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി. പുളിങ്ങോം. |
| പ്രോജക്റ്റ് നമ്പർ, പേര് | 25/23, പാലിയേറ്റീവ് കെയർ |
| അടങ്കൽ ₹1200000 | ₹9,00,000 (വികസന ഫണ്ട്)<br>₹1,00,000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹2,00,000 (ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് ₹991532 | ₹8,31,540 (വികസന ഫണ്ട്)<br>₹1,00,000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹59,992 (ജില്ലാ പഞ്ചായത്ത് വിഹിതം) |

| | |
|---|---|
| ബിൽ നം./ തീയതി/തുക | (1)221910520113000722 04/5.5.2022/₹33049.<br>(2)2219105201130007 2200/5.5.2022/₹34230.<br>(3)2219105201130013 3439/25.5.2022/₹7511.<br>(4)2219105201130013 3442/25.5.2022/₹43749.<br>(5)2219105201130017 5006/7.6.2022/₹32230.<br>(6)2219105201130025 6907/30.6.2022/₹34590.<br>(7)2219105201130032 4600/18.7.2022/₹57137.<br>(8)2219105201130039 8665/8.8.2022/₹34810.<br>(9)2219105201130049 8180/2.9.2022/₹34590.<br>(10)2219105201130062 2453/10.10.2022/₹34590.<br>(11)2219105201130066 7857/19.10.2022/₹59959.<br>(12)2219105201130069 0271/26.10.2022/₹11183.<br>(13)2219105201130072 0388/2.11.2022/₹34590.<br>(14)2219105201130086 2273/5.12.2022/₹34590.<br>(15)2219105201130093 9677/21.12.2022/₹59700.<br>(16)2219105201130093 9657/21.12.2022/₹113366.<br>(17)2219105201130093 9662/21.12.2022/₹72867.<br>(18)2219105201130099 2598/4.1.2023/₹30590.<br>(19)2219105201130113 1199/3.2.2023/₹39133.<br>(20)2219105201130118 3153/10.2.2023/₹59320.<br>(21)2219105201130126 8213/1.3.2023/₹34590.<br>(22)2219105201130131 8785/9.3.2023/₹6120.<br>(23)2219105201130131 8796/3.3.2023/₹59992.<br>(24)2219105201130157 9071/31.3.2023/₹21013.<br>(25)2219105201130157 5923/31.3.2023/₹7352.<br>(26)2219105201130157 5897/31.3.2023/₹681. |

1. മെഡിക്കൽ അനുബന്ധ സാധനങ്ങളുടെ വാർഷിക ആവശ്യകതാ നിർണ്ണയവുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല.

2. 08.11.2010-ലെ ജി.ഒ(പി)നം.259/2010/ത.സ്വ.ഭ.വ. പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് 25000 രൂപയ്ക്ക് മുകളിലും 100000 രൂപയിൽ താഴെയും ഉള്ള വാങ്ങൽ നടപടികൾക്ക് ലിമിറ്റഡ് ടെണ്ടറും, 100000 രൂപയ്ക്ക് മുകളിൽ ഓപ്പൺ ടെണ്ടറും സ്വീകരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ ഭാഗമായുള്ള താഴെ പറയുന്ന വാങ്ങലുകൾക്ക് ക്വട്ടേഷൻ നടപടിക്രമങ്ങളാണ് അവലംബിച്ചത്. വാർഷിക ആവശ്യകതാ നിർണ്ണയം നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ച് കൊണ്ട് സാധനങ്ങൾ വാങ്ങാതിരുന്നത് അപാകമാണ്.

| ക്രമ നമ്പർ | മെഡിക്കൽ അനുബന്ധ ഉപകരണങ്ങൾ വാങ്ങിച്ച സ്ഥാപനത്തിന്റെ പേര്. | ഇൻവോയ്സ് നമ്പർ/തീയതി | തുക ₹ | തുക ഉൾപ്പെടുന്ന ബിൽ നമ്പർ (പട്ടിക 1 ലെ ക്രമനമ്പർ) |
|---|---|---|---|---|
| 1 | ശ്രീരാജ് സർജിക്കൽ, കണ്ണൂർ. | GST.22-23/1224/ 16.6.2022 | 57137 | ക്രമ നമ്പർ 7 |

| | | | | |
|---|---|---|---|---|
| 2 | ശ്രീരാജ് സർജിക്കൽ, കണ്ണൂർ. | GST.22-23/2482/ 23.8.2022 | 59959 | ക്രമ നമ്പർ 11 |
| 3 | ശ്രീരാജ് സർജിക്കൽ, കണ്ണൂർ. | GST.22-23/4272/ 12.12.2022 | 59700 | ക്രമ നമ്പർ 15 |
| 4 | ശ്രീരാജ് സർജിക്കൽ, കണ്ണൂർ. | GST.22-23/5093/ 31.1.2023 | 59320 | ക്രമ നമ്പർ 20 |
| 5 | ശ്രീരാജ് സർജിക്കൽ, കണ്ണൂർ. | GST.22-23/5222/ 9.2.2023 | 59992 | ക്രമ നമ്പർ 23 |
| ആകെ | | | ₹2,96,108 | |

ഒരു പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വാങ്ങലുകളും ഒന്നായി കണക്കാക്കാതെ തുക വേർതിരിച്ച് കാണിച്ച് മെഡിക്കൽ അനുബന്ധ ഉപകരണങ്ങൾ ക്വട്ടേഷൻ നടപടി ക്രമങ്ങളിലൂടെ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.27/2022-23/15.10.2023) നൽകിയ മറുപടിയിൽ ഉപകരണങ്ങൾ ബന്ധപ്പെട്ട ജീവനക്കാരുടെ അപേക്ഷ ലഭിക്കുന്ന മുറക്കാണ് വാങ്ങിക്കൊടുക്കാറുള്ളത് എന്നും ഒരുമിച്ച് വാങ്ങിയാൽ സൂക്ഷിച്ചു വയ്ക്കാൻ സ്ഥലപരിമിതി പ്രശ്നമാകുന്നുണ്ട് എന്നുമാണ് അറിയിച്ചത്. മെഡിക്കൽ ഓഫീസറുടെ ഫിനാൻഷ്യൽ പവർ 15000/- രൂപയിൽ കൂടുതൽ ക്വട്ടേഷനും 100000ൽ കൂടുതൽ ടെണ്ടർ നടപടികളുമാണ് എന്നും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഫണ്ടുപയോഗപ്പെടുത്തി നടത്തുന്ന പർച്ചേസുകളിൽ പ്രൊക്യൂർമെന്റ് മാന്വൽ ആണ് ബാധകമെന്നതിനാൽ മറുപടി തൃപ്തികരമല്ല.

ഓപ്പൺ ടെണ്ടർ നടപടി ക്രമങ്ങൾ പാലിക്കാതെ വാങ്ങലുകൾ നടത്തിയത് ക്രമപ്രകാരമല്ലാത്തതിനാൽ 2,96,108/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തൃപ്തികരമായ മറുപടി ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ- ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല- ₹226246 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. പുളിങ്ങോം. |
| പ്രോജക്ട് നമ്പർ | 204/23 |
| പ്രോജക്ടിന്റെ പേര് | പുളിങ്ങോം കുടുംബാരോഗ്യകേന്ദ്രത്തിന്റെ നിയന്ത്രണത്തിലുള്ള കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആന്റ് വെൽനെസ്സ് പ്രവർത്തനങ്ങൾ. |
| അടങ്കൽ | ₹260000 (ഹെൽത്ത് ഗ്രാന്റ്) |
| ചെലവ് | ₹241046 |
| വൗച്ചർ നം./ തീയതി/തുക | (1) 22201050/31.3.2023/₹14800.<br>(2) 22201016/28.3.2023/₹50000.<br>(3) 22201052/31.3.2023/₹30446.<br>(4) 22201047/31.3.2023/₹47000.<br>(5) 22201015/28.3.2023/₹98800. |

1. ആശുപത്രി അനുബന്ധ സാധനങ്ങൾ, ഫർണ്ണിച്ചറുകൾ തുടങ്ങിയവയുടെ ആവശ്യകതാ നിർണ്ണയവുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല.

2. 08.11.2010-ലെ ജി.ഒ(പി)നം.259/2010/ത.സ്വ.ഭ.വ-പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് 25000/- രൂപയ്ക്ക് മുകളിലും 100000/- രൂപയിൽ താഴെയും ഉള്ള വാങ്ങൽ നടപടികൾക്ക് ലിമിറ്റഡ് ടെണ്ടറും, 100000/- രൂപയ്ക്ക് മുകളിൽ ഓപ്പൺ

ടെണ്ടറും സ്വീകരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ ഭാഗമായുള്ള താഴെ പറയുന്ന വാങ്ങലുകൾക്ക് ക്വട്ടേഷൻ നടപടിക്രമങ്ങളാണ് അവലംബിച്ചത്. വാർഷിക ആവശ്യകതാ നിർണ്ണയം നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ച് കൊണ്ട് സാധനങ്ങൾ വാങ്ങാതിരുന്നത് അപാകമാണ്. ഉദാഹരണം ചുവടെ കൊടുക്കുന്നു.

(എ)

| ക്രമ നമ്പർ | മെഡിക്കൽ അനുബന്ധ ഉപകരണങ്ങൾ വാങ്ങിച്ച സ്ഥാപനത്തിന്റെ പേര്. | ബിൽ നം./ ഇൻവോയ്സ് നമ്പർ/തീയതി | തുക ₹ | തുക ഉൾപ്പെടുന്ന വൗച്ചർ നമ്പർ |
|---|---|---|---|---|
| 1 | ശ്രീരാജ് സർജിക്കൽ, കണ്ണൂർ. | GST.22-23/5425/ 22.2.2023 | 50000 | 22201016/28.03.23/ ₹50000 |
| 2 | കൃപ സർജിക്കൽ, പയ്യന്നൂർ | 16262/ 25.2.2023 | 34237 (30446 അനുവദിച്ചു) | 22201052/31.03.23/ ₹30446 |
| ആകെ | | | ₹80,446 | |

മുകളിൽ പരാമർശിച്ചിട്ടുള്ള വാങ്ങൽ നടപടികൾക്ക് ലിമിറ്റഡ് ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ ₹80,446 തടസ്സപ്പെടുത്തുന്നു.

(ബി)

| ക്രമ നമ്പർ | ആശുപത്രി ഉപയോഗത്തിനുള്ള ഫർണിച്ചറുകളും,അനുബന്ധ സാധനങ്ങളും വാങ്ങിച്ച സ്ഥാപനത്തിന്റെ പേര്. | ബിൽ നം/ഇൻവോയ്സ് നമ്പർ/തീയതി | തുക ₹ | തുക ഉൾപ്പെടുന്ന വൗച്ചർ നമ്പർ (പട്ടിക 1 ലെ ക്രമനമ്പർ) |
|---|---|---|---|---|
| 1 | HI-WOOD FURNITURE CHERUPUZHA | 562/03.03.2023 | 47000 | ക്രമ നമ്പർ 4 |
| 2 | HI-WOOD FURNITURE CHERUPUZHA | 563/03.03.2023. | 98804 (98800 അനുവദിച്ചു) | ക്രമ നമ്പർ 5 |
| ആകെ | | | ₹1,45,800 | |

മുകളിൽ പരാമർശിച്ചിട്ടുള്ള ബിൽ നമ്പറിൽ ഉൾപ്പെട്ട സാധനങ്ങൾ എല്ലാം വാങ്ങിച്ചിട്ടുള്ളത് 03.03.2023 തീയതിയിലാണ്. ഒരു പദ്ധതിയുടെ ഭാഗമായുള്ള എല്ലാ സാധനങ്ങളും ഒരുമിച്ച് വാങ്ങാതെ, ബില്ലുകൾ വേർതിരിച്ച് കാണിച്ച് ടെണ്ടർ നടപടിക്രമങ്ങൾ ഒഴിവാക്കിയത് ക്രമപ്രകാരമല്ല. ₹1,45,800യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 29/15.10.23ന് മറുപടിയായി ബന്ധപ്പെട്ട ജീവനക്കാരുടെ അപേക്ഷയ്ക്കനുസരിച്ചാണ് വാങ്ങലുകൾ നടത്തുന്നതെന്നും മെഡിക്കൽ ഓഫീസറുടെ ഫിനാൻഷ്യൽ പവർ ₹15000 വരെയുള്ള വാങ്ങലുകൾക്ക് ക്വട്ടേഷനും ₹100000യ്ക്ക് മുകളിൽ ടെണ്ടറും ആണെന്നുമാണ് അറിയിച്ചത്. ഗ്രാമപഞ്ചായത്ത് ഫണ്ടുപയോഗപ്പെടുത്തിയുള്ള വാങ്ങലുകൾക്ക് പ്രൊക്യൂർമെന്റ് മാന്വൽ ആണ് ബാധകം എന്നതിനാൽ മറുപടി തൃപ്തികരമല്ല.

നടപടിക്രമങ്ങളിലെ അപാകങ്ങൾ കാരണം ആകെ ₹226246യുടെ (80446+145800) ചെലവ് തടസ്സത്തിൽ വെക്കുന്നു. ആവശ്യമായ അനുമതി പത്രങ്ങളും വിഭജിച്ച് വാങ്ങിയതിനാൽ അധിക വില നല്കേണ്ടി വന്നിട്ടില്ല എന്ന് വ്യക്തമാക്കുന്ന

രേഖകളും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-33 ടെണ്ടർ നടപടിക്രമങ്ങളുടെ സുതാര്യത ഉറപ്പ് വരുത്തിയിട്ടില്ല-₹375508 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി. പുളിങ്ങോം. |
| പ്രോജക്ട് നമ്പർ | 203/23 |
| പ്രോജക്ടിന്റെ പേര് | പുളിങ്ങോം കുടുംബാരോഗ്യ കേന്ദ്രത്തിലും, വിവിധ കുടുംബ ക്ഷേമ ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സംവിധാനങ്ങൾ ഏർപ്പെടുത്തൽ. |
| അടങ്കൽ | ₹376163 (ഹെൽത്ത് ഗ്രാന്റ്) |
| ചെലവ് | ₹375508 |
| വൗച്ചർ നം./ തീയതി/തുക | (1) 22200800/23.1.2023/₹59880.<br>(2) 22201012/28.3.2023/₹86491.<br>(3) 22201013/28.3.2023/₹41552.<br>(4) 22201019/28.3.2023/₹68420.<br>(5) 22201029/29.3.2023/₹34237.<br>(6) 22201018/28.3.2023/₹8438.<br>(7) 22201011/28.3.2023/₹49000.<br>(8) 22201014/28.3.2023/₹27490. |

1. മെഡിക്കൽ അനുബന്ധ സാധനങ്ങളുടെ ആവശ്യകതാ നിർണ്ണയവുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല.

2. 08.11.2010-ലെ ജി.ഒ(പി)നം.259/2010/ത.സ്വ.ഭ.വ. പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് 25000 രൂപയ്ക്ക് മുതൽ 100000 രൂപ വരെയുള്ള വാങ്ങൽ നടപടികൾക്ക് ലിമിറ്റഡ് ടെണ്ടറും, 100000 രൂപയ്ക്ക് മുകളിൽ ഓപ്പൺ ടെണ്ടറും സ്വീകരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ ഭാഗമായി മെഡിക്കൽ അനുബന്ധ ഉപകരണങ്ങൾ ക്വട്ടേഷൻ വഴിയാണ് വാങ്ങിയത്. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | മെഡിക്കൽ അനുബന്ധ ഉപകരണങ്ങൾ വാങ്ങിച്ച സ്ഥാപനത്തിന്റെ പേര്. | ഇൻവോയ്സ് നമ്പർ/തീയതി | തുക ₹ | തുക ഉൾപ്പെടുന്ന വൗച്ചർ നമ്പർ (പട്ടിക 1 ലെ ക്രമനമ്പർ) |
|---|---|---|---|---|
| 1 | ശ്രീരാജ് സർജിക്കൽ,കണ്ണൂർ. | GST.22-23/4271/ 12.12.2022 | 59880 | ക്രമ നമ്പർ 1 |
| 2 | കൃപ സർജിക്കൽസ് പയ്യന്നൂർ. | 6237/24.2.2023 | 86491 | ക്രമ നമ്പർ 2 |
| 3 | കൃപ സർജിക്കൽസ് പയ്യന്നൂർ. | 6263/25.2.2023 | 41552 | ക്രമ നമ്പർ 3 |
| 4 | കൃപ സർജിക്കൽസ് പയ്യന്നൂർ. | 6349/28.2.2023. | 68420 | ക്രമ നമ്പർ 4 |
| 5 | കൃപ സർജിക്കൽസ് പയ്യന്നൂർ. | 6262/25.2.2023. | 34237 | ക്രമ നമ്പർ 5 |
| 6 | കൃപ സർജിക്കൽസ് പയ്യന്നൂർ. | 6610/11.3.2023. | 8438 | ക്രമ നമ്പർ 6 |
| 7 | NEXT DIAGNOSTICS | 497/24.2.2023. | 49000 | ക്രമ നമ്പർ 7 |

| | | | | |
|---|---|---|---|---|
| 8 | ശ്രീരാജ് സർജിക്കൽ, കണ്ണൂർ. | GST.22-23/5225/ 10.2.2023 | 27490 | ക്രമ നമ്പർ 8 |
| ആകെ | | | ₹375508 | |

ഒരു പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വാങ്ങലുകളും ഒന്നായി കണക്കാക്കാതെ തുക വേർതിരിച്ച് കാണിച്ച് മരുന്നുകളും, മെഡിക്കൽ അനുബന്ധ ഉപകരണങ്ങളും ക്വട്ടേഷൻ നടപടി ക്രമങ്ങളിലൂടെ വാങ്ങിയതിന്റെ കാരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.28/2022-23/15.10.2023)നൽകിയ മറുപടി ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 29/15.10.23ന് മറുപടിയായി ബന്ധപ്പെട്ട ജീവനക്കാരുടെ അപേക്ഷയ്ക്കനുസരിച്ചാണ് വാങ്ങലുകൾ നടത്തുന്നതെന്നും മെഡിക്കൽ ഓഫീസറുടെ ഫിനാൻഷ്യൽ പവർ 15,000/- രൂപ വരെയുള്ള വാങ്ങലുകൾക്ക് ക്വട്ടേഷനും 1,00,000/- രൂപയ്ക്ക് മുകളിൽ ടെണ്ടറും ആണെന്നുമാണ് അറിയിച്ചത്. ഗ്രാമപഞ്ചായത്ത് ഫണ്ടുപയോഗപ്പെടുത്തിയുള്ള വാങ്ങലുകൾക്ക് പ്രൊക്യൂർമെന്റ് മാനുവൽ ആണ് ബാധകം എന്നതിനാൽ മറുപടി തൃപ്തികരമല്ല. ഓപ്പൺ ടെണ്ടർ നടപടി ക്രമങ്ങൾ പാലിക്കാതെ വാങ്ങലുകൾ നടത്തിയതിനാൽ 3,75,508/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-34 കണ്ണൂർ ഫൈറ്റ് ക്യാൻസർ-വാങ്ങൽ നടപടിക്രമങ്ങൾ ക്രമപ്രകാരമല്ല ₹61595 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, പുളിങ്ങോം. |
| പ്രോജക്റ്റ് നമ്പർ, പേര് | 129/23, കണ്ണൂർ ഫൈറ്റ് ക്യാൻസർ. |
| അടങ്കൽ | ₹200000 (വികസന ഫണ്ട്) |
| ചെലവ് | ₹149399 (വികസന ഫണ്ട്) |
| ബിൽ നമ്പർ/തീയതി/തുക | (1) 22191052011300939690/21.12.2022/₹8000<br>(2) 22191052011300939682/21.12.2022/₹61595.<br>(3) 22191052011301517630/28.3.2023/₹4700.<br>(4) 22191052011301517877/28.3.2023/₹600.<br>(5) 22191052011301514520/28.3.2023/₹21500.<br>(6) 22191052011301518109/28.3.2023/₹3000.<br>(7) 22191052011301514755/28.3.2023/₹2060.<br>(8) 22191052011301517772/28.3.2023/₹4300.<br>(9) 22191052011301517535/28.3.2023/₹24652.<br>(10) 22191052011301517973/28.3.2023/₹12442.<br>(11) 22191052011301575864/31.3.2023/₹6000.<br>(12) 22191052011301512562/28.3.2023/₹550. |

മേൽ പദ്ധതിയുടെ ഭാഗമായി 61,595/- രൂപയ്ക്ക് (ബിൽ നമ്പർ 22191052011300939682/21.12.2022) സൊസൈറ്റി പ്രസ്സ് പയ്യന്നൂർ എന്ന സ്ഥാപനത്തിൽ നിന്ന് (ബിൽ നം.1667/30.11.2022) 8560 ബുക്ക് ലെറ്റ് വാങ്ങിച്ചിട്ടുണ്ട്. 8.11.2010-ലെ ജി.ഒ(പി)നം.259/2010/ത.സ്വ.ഭ.വ. പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് 25,000 രൂപയ്ക്ക് മുകളിലും 1,00,000/- രൂപയിൽ താഴെയും ഉള്ള വാങ്ങൽ നടപടികൾക്ക് ലിമിറ്റഡ് ടെണ്ടർ സ്വീകരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയത് പാലിക്കാതെ ക്വട്ടേഷൻ നടപടി ക്രമങ്ങളിലൂടെ സാധനങ്ങൾ വാങ്ങിച്ചതിന്റെ കാരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.30/2022-23/15.10.2023) മറുപടിയായി മെഡിക്കൽ ഓഫീസറുടെ ഫിനാൻഷ്യൽ പവർ 15,000/- രൂപ വരെയുള്ള വാങ്ങലുകൾക്ക് ക്വട്ടേഷനും 1,00,000/- രൂപയ്ക്ക് മുകളിൽ ടെണ്ടറും ആണെന്നും ഇനിയുള്ള പർച്ചേസുകളിൽ ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കുന്നതാണ് എന്നമാണ് അറിയിച്ചത്. ഗ്രാമപഞ്ചായത്ത് ഫണ്ടുപയോഗപ്പെടുത്തിയുള്ള വാങ്ങലുകൾക്ക് പ്രൊക്യൂർമെന്റ് മാനുവൽ ആണ് ബാധകം എന്നതിനാൽ മറുപടി തൃപ്തികരമല്ല. 61,595/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-35 ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ - ₹5,05,248യുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥ - ഐ സി ഡി എസ് സൂപ്പർവൈസർ

ഭിന്നശേഷിയുള്ളവർക്ക് സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനായി 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 15/22, ഭിന്നശേഷിയുള്ളവർക്ക് സഹായ ഉപകരണങ്ങൾ നല്കൽ (സ്പിൽ ഓവർ) |
| അടങ്കൽ | ₹3,07,627 – വികസന ഫണ്ട്, ജനറൽ |
| ചെലവ് | ₹3,07,627<br>(ബിൽ നമ്പർ, തീയതി 221910520116000396 76/21.04.22) |

2.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 82/23,<br>ഭിന്നശേഷിയുള്ളവർക്ക് സഹായ ഉപകരണങ്ങൾ നല്കൽ<br>(പുതിയ പ്രോജക്ട്) |
| അടങ്കൽ | ₹1,97,621 |
| ചെലവ് | ₹1,97,621 (ട്രഷറി ബിൽ നമ്പർ തീയതി- 221910520116011654 27/09.02.23 |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു (ഓഡിറ്റ് എൻക്വയറി നമ്പർ 32/16.10.23 ന് നിർവ്വഹണ ഉദ്യോഗസ്ഥ നല്കിയ മറുപടി കൂടി പരിഗണിച്ച ശേഷം തയ്യാറാക്കിയത്).

1. സഉ(കൈ)നം.115/2022/തസ്വഭവ തീയതി 28.05.2022 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1.3 ൽ ഓരോ ഭിന്നശേഷിക്കാരെയും പരിശോധിച്ച് അവർക്ക് ആവശ്യമായ ഉപകരണത്തിന്റെ പേരും സ്പെസിഫിക്കേഷനും മതിപ്പ് വിലയും നിശ്ചയിച്ച ശേഷം മാത്രമേ സഹായ ഉപകരണങ്ങൾ നല്കുന്നതിനായുള്ള പ്രോജക്ട് തയ്യാറാക്കാവൂ എന്നും ഇതിനായി പ്രോജക്ട് തയ്യാറാക്കുന്നതിന് മുമ്പ് ഉപകരണങ്ങളുടെ ആവശ്യകതാ നിർണ്ണയ ക്യാമ്പ് നടത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനു മുമ്പ് ആവശ്യകതാ നിർണ്ണയ ക്യാമ്പ് നടത്തിയിട്ടില്ല. മറിച്ച് പ്രോജക്ടുകൾ തയ്യാറാക്കിയ ശേഷം വികലാംഗ കോർപ്പറേഷൻ നിശ്ചയിച്ച ഉപകരണങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. ആവശ്യമായ സഹായ ഉപകരണങ്ങൾ ഏതൊക്കെയാണെന്ന് നിശ്ചയിച്ചത് ഡോ. സൈമൺ ടി ചുങ്കത്ത് എന്ന ഓർത്തോ പീഡിക്ക് സർജൻ ആണ്. പ്രസ്തുത ഡോക്ടർ തൃശ്ശൂർ മെഡിക്കൽ കോളേജിലെ ഫാക്കൽറ്റിയാണെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുള്ളത്. പ്രാദേശികമായി ലഭ്യമാകുന്ന സർക്കാർ ഡോക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തി ക്യാമ്പ് നടത്തി ആവശ്യകതാ നിർണ്ണയം നടത്താതെ, പ്രോജക്ട് തയ്യാറാക്കിയ ശേഷം വികലാംഗ കോർപ്പറേഷൻ ക്യാമ്പ് നടത്തി ഉപകരണങ്ങൾ നിശ്ചയിച്ചത് ശരിയായ നടപടിയല്ല.

2. ഡോക്ടറുടെ സാക്ഷ്യപത്രങ്ങളിൽ ഗുണഭോക്താക്കളുടെ ശാരീരിക അവസ്ഥ വിലയിരുത്തിയതുമായി ബന്ധപ്പെട്ട വിവരങ്ങൾ ചേർത്തിട്ടില്ല. ആവശ്യമായ ഉപകരണങ്ങൾ രേഖപ്പെടുത്തുക മാത്രമാണ് ചെയ്തത്. കൃത്യമായ മെഡിക്കൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ലാതെ ഉപകരണങ്ങൾ നിശ്ചയിച്ച് നല്കിയത് അപാകമാണ്. മെഡിക്കൽ ക്യാമ്പ് നടത്തിയതുമായി ബന്ധപ്പെട്ട വിവരങ്ങൾ ഫയലിൽ ലഭ്യമല്ല (ക്യാമ്പ് നടത്തിയ തീയതി , സ്ഥലം തുടങ്ങിയ വിവരങ്ങൾ).

